# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ




സെപ്റ്റംബർ 08

പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

Vol. LXX September 2020 No.7



കോട്ടയം അതിരൂപത
ക്നാനായ മലങ്കര സമൂഹത്തിന്റെ
നിയുക്ത സഹായമെത്രാൻ
അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം പിതാവിന്
പാലാ രൂപതയുടെ
**പ്രാർത്ഥനാശംസകൾ!!!**



നവീകരിച്ച ഇലഞ്ഞി പള്ളിയുടെ വെഞ്ചെരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**SEPTEMBER 2020**
**Vol. LXX No. 7**

# CONTENTS


സിനഡ് അനന്തര സർക്കുലർ .................................................... 587

സർക്കുലർ - എട്ടുനോമ്പാചരണം ........................................... 596

സർക്കുലർ - കെ.സി.ബി.സി .................................................... 597

സർക്കുലർ- കെ.സി.ബി.സി ...................................................... 601

സർക്കുലർ - 274 ..................................................................... 607

സർക്കുലർ - 275 ..................................................................... 612

വൈദികരുടെ ശ്രദ്ധയ്ക്ക് ......................................................... 614

കച്ചേരിക്കാര്യം .......................................................................... 616

അറിയിപ്പുകൾ .......................................................................... 617

വാർത്തകൾ ............................................................................... 623

ആദരാഞ്ജലികൾ ................................................................... 649

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 654

Prot. No. 1008 /2020

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയിലെ മെത്രാന്മാരുടെ 28-ാമത് സിനഡിന്റെ രണ്ടാം സമ്മേളനം 2020 ആഗസ്റ്റ് 18 മുതൽ 21 വരെ നാലു ദിവസങ്ങളിൽ നടന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രത്യേക അനുമതിപ്രകാരം സഭാചരിത്രത്തിൽ പ്രഥമമായി ഓൺലൈനായാണ് സിനഡ് സമ്മേളിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളിലും സേവനം ചെയ്യുന്നവരും ഔദ്യോഗികശുശ്രൂഷയിൽനിന്നു വിരമിച്ചവരും ഉൾപ്പെടെ 62 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. സഭാപരവും രാഷ്ട്രീയവും കാർഷികവുമായ മേഖലകളിലെ കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ച ചെയ്ത സിനഡ് പ്രായോഗികമായ തീരുമാനങ്ങൾ എടുത്തു.

**കോവിഡ് കാലത്തെ അജപാലനം**

കോവിഡ്-19 എന്ന മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സഭ പൂർണ്ണ പിന്തുണ അറിയിച്ചു. കൊറോണ വൈറസ് ബാധയാൽ മരണമടഞ്ഞ എല്ലാവരെയും അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളുടെ വേദനയിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേരുകയും

ചെയ്തു. രോഗബാധിതരാവുകയോ മരണമടയുകയോ ചെയ്ത എല്ലാ ആരോഗ്യപ്രവർത്തകരെയും ക്രമസമാധാന പാലകരെയും സിനഡ് പ്രത്യേകം അനുസ്മരിച്ചു.

സമൂഹത്തിന്റെ സകലമേഖലകളെയും ബാധിച്ച കോവിഡ്–19 സഭയുടെ അജപാലനരംഗത്തും പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി സിനഡ് വിലയിരുത്തി. കൂദാശകളുടെ പരികർമ്മത്തിനും മതബോധനത്തിനും ഓൺലൈൻ മാർഗ്ഗങ്ങൾ അവലംബിക്കേണ്ട സാഹചര്യമാണ് കോവിഡുമൂലം സംജാതമായത്. കുടുംബങ്ങളെ ദൈവാലയങ്ങളാക്കിമാറ്റി ഒത്തിരിയേറെ കുടുംബങ്ങൾ കോവിഡുകാലത്ത് ആധ്യാത്മികജീവിതത്തിൽ വളർന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, ആരാധനാലയങ്ങൾ തുറക്കാൻ സർക്കാരിന്റെ അനുവാദം ലഭിച്ചശേഷവും ഓൺലൈൻ കുർബ്ബാനകളിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത ഗുണകരമല്ല. ദൈവാലയത്തിലെത്തി വിശുദ്ധ കുർബ്ബാനയിൽ നേരിട്ടു പങ്കുചേർന്ന് ഈശോയെ ദിവ്യകാരുണ്യമായി സ്വീകരിക്കുമ്പോഴാണ് വിശുദ്ധ കുർബ്ബാനയർപ്പണം അർത്ഥപൂർണ്ണമാകുന്നത്. ഓൺലൈൻ കുർബ്ബാനകളെ ഇതിനുതുല്യം പ്രാധാന്യമുള്ളതായി കരുതുന്നതു ശരിയല്ല. കോവിഡ് വ്യാപനംമൂലം നിരോധിതമേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങളിലുള്ളവർക്ക് ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആഴ്ചവട്ടത്തിലെ ഏതെങ്കിലുമൊരു ദിവസം ദൈവാലയത്തിലർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ അവർ പരിശ്രമിക്കണമെന്ന കാര്യം സിനഡ് ഓർമ്മിപ്പിച്ചു.

രോഗങ്ങളും മഹാമാരികളും നമ്മെ നിരാശയിലേക്കു നയിക്കാതെ മാനസാന്തരവഴികളിലൂടെ ദൈവസന്നിധിയിലേക്കു തിരിച്ചുനടക്കാൻ പ്രേരിപ്പിക്കണം. കോവിഡ് പ്രതിസന്ധിയിലും ഇതുതന്നെയായിരിക്കണം നമ്മുടെ മനോഭാവം.

നമ്മുടെ ആത്മീയപ്രതിരോധത്തിന്റെ ഭാഗമായി ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണതയോടെ ആചരിക്കുന്ന തിന് ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രത്യേക സർക്കുലർ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. അതോടൊപ്പം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനാദിനമായി ആചരിക്കാനും ഈ നിയോഗംവച്ച് നമ്മുടെ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും പ്രത്യേക വിശുദ്ധ കുർബാനയർപ്പി ക്കാനും നിർദേശിച്ചിരുന്നു. വൻശക്തികളായ രാഷ്ട്രങ്ങളും സമർഥരായ ശാസ്ത്രജ്ഞരും കോവിഡിനു മുന്നിൽ പകച്ചു നിൽക്കുമ്പോൾ ദൈവകരുണയ്ക്കുവേണ്ടിയുള്ള തീക്ഷ്ണ മായ പ്രാർത്ഥനകൾ നമുക്കു തുടരാം. രോഗവ്യാപനം ശമിക്കുന്നതിനും അനുയോജ്യമായ ഔഷധങ്ങൾ കണ്ടെ ത്തുന്നതിനും ദൈവിക ഇടപെടൽ വേഗത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**മൃതശരീരങ്ങളുടെ ദഹിപ്പിക്കൽ**

മൃതശരീരങ്ങൾ സംസ്കരിക്കുന്നതാണ് സഭയുടെ സാധാരണരീതിയെങ്കിലും പ്രത്യേക സന്ദർഭങ്ങളിലും പകർച്ചവ്യാധികളുടെ കാലത്ത് വിശേഷിച്ചും മൃതശരീരങ്ങൾ ദഹിപ്പിക്കാൻ സഭയിൽ അനുവാദം ഉള്ളതാണ്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ട് മൃതശരീരങ്ങൾ ദഹിപ്പിക്കാനും സംസ്കരിക്കാനും എല്ലാ രൂപതകളും പരിശീലനം സിദ്ധിച്ച പ്രത്യേക സന്നദ്ധസേന രൂപീകരിച്ചത് മാതൃകാപരമാണ്. മൃതശരീരങ്ങൾ ദഹിപ്പിക്കാനുള്ള ക്രമറ്റോറിയങ്ങൾ രൂപതാതലത്തിലോ അതിരൂപതാ തലത്തിലോ ക്രമീകരിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് സിനഡ് നിർദ്ദേശിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ എല്ലാ കർമ്മങ്ങളും പൂർത്തിയാക്കി ഇത്തരം സ്ഥലങ്ങളിൽ ദഹിപ്പിച്ചശേഷം ലഭിക്കുന്ന വിഭൂതി സെമിത്തേരികളിൽ സൂക്ഷിക്കേണ്ടതാണ്.

**സർക്കാർനയങ്ങളിലെ വിവേചനം**

ന്യൂനപക്ഷാവകാശങ്ങൾ നൽകുന്നതിൽ നിലവിലുള്ള 80:20 എന്ന അനീതിപരമായ അനുപാതം തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ സിനഡ് പ്രതിഷേധമറിയിച്ചു. ന്യൂനപക്ഷ കമ്മീഷന്റെ ജില്ലാതല പ്രതിനിധികളെ തിരഞ്ഞെടുത്തതിൽ നിലനിൽക്കുന്ന അനീതിയും പരിഹരിക്കപ്പെടേണ്ടതാണ്. സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള 10% സംവരണം പി.എസ്.സി. റാങ്കുലിസ്റ്റ് ഉൾപ്പെടെ എല്ലാ മേഖലകളിലും നടപ്പിലാക്കാൻ സത്വരനടപടികൾ സമയബന്ധിതമായി സർക്കാർ സ്വീകരിക്കണം. മാറിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരികരംഗങ്ങളിൽ സീറോമലബാർ സഭാംഗങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചു പഠിക്കുന്നതിനും പ്രതിവിധികൾ കണ്ടെത്തുന്നതിനും ഒരു പ്രത്യേക കമ്മീഷനെ നിയോഗിക്കണമെന്ന് സർക്കാരിനോട് ഔദ്യോഗികമായി ആവശ്യപ്പെടാനും സിനഡ് തീരുമാനിച്ചു.

**കാർഷികപ്രതിസന്ധി**

തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും രൂക്ഷമായ വന്യമൃഗശല്യങ്ങളുംമൂലം കർഷകർ അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലൂടെയാണു കടന്നുപോകുന്നത്. ഉത്പന്നങ്ങളുടെ വലിയ വിലത്തകർച്ച കർഷകരുടെ നിലനില്പിനെത്തന്നെ അപകടത്തിലാക്കിയിരിക്കുകയാണ്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ജനവാസമേഖലകളെ പരിസ്ഥിതിലോലപ്രദേശങ്ങളിൽ ഉൾപ്പെടുത്തി നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നു വീണ്ടും ഉണ്ടാകുന്നതിന് എതിരേ സിനഡ് ശക്തമായ എതിർപ്പു രേഖപ്പെടുത്തി. വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച പത്തനംതിട്ട ജില്ലയിലുള്ള ചിറ്റാറിലെ

പി.പി. മത്തായിയുടെ മൃതസംസ്കാരം നടത്തുന്നതിനു അനുകൂലമായ സാഹചര്യം ഒരുക്കിക്കൊണ്ട് ആ കുടുംബത്തിന് നീതി ലഭ്യമാക്കണമെന്ന് സിനഡ് സർക്കാരിനോട് ആവശ്യപ്പെട്ടു. കാർഷികവായ്പകളുടെ പലിശയെങ്കിലും എഴുതിത്തള്ളി കർഷകരെ സഹായിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ടുവരണം. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ മാത്രം ഒതുക്കിനിർത്തി കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ക്രിയാത്മകമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങൾക്കു ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്കുണ്ടാകുന്ന ഭീമമായ നഷ്ടം നികത്താൻ സർക്കാർ ആത്മാർത്ഥമായി ഇടപെടണമെന്നും സിനഡ് ആവശ്യപ്പെട്ടു.

**ദരിദ്രർക്കു സഹായം**

ഭക്ഷണമില്ലാത്തവർക്കു ഭക്ഷണമുറപ്പാക്കാൻ സഭാസംവിധാനങ്ങൾ ആവശ്യമായ നടപടിയെടുക്കണമെന്ന് സിനഡ് പ്രത്യേകം ആഹ്വാനം ചെയ്തു. ദരിദ്രരുടെ പക്ഷംചേർന്ന് അവരുടെ വിശപ്പകറ്റിയ ഈശോയുടെ മാതൃകയിൽ ദരിദ്രരോടൊപ്പം നിൽക്കാനും ഫ്രാൻസിസ് മാർപാപ്പാ വിഭാവനം ചെയ്യുന്ന ദരിദ്രരുടെ പക്ഷത്തുനിൽക്കുന്ന ദരിദ്രയായ സഭ എന്ന ആശയം പ്രയോഗവൽക്കരിക്കാനുമുള്ള സമയമായി കോവിഡ് പകർച്ചവ്യാധിയുടെ ഈ സാഹചര്യത്തെ കണക്കാക്കണം. സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സീറോ മലബാർസഭ പൂർണ്ണമായ പിന്തുണ നല്കുന്നുണ്ട്. സഭയുടെ വിവിധ രൂപതകളിലെയും സമർപ്പിതസമൂഹങ്ങളിലെയും സാമൂഹികസേവനവിഭാഗങ്ങൾ വഴി 53.3 കോടി രൂപയുടെ സഹായ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ് മഹാമാരി ആശങ്കാജനകമായി വ്യാപിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും പട്ടിണിയും

വ്യാപിക്കുന്നതായി സിനഡ് വിലയിരുത്തി. സർക്കാർ സംവിധാനങ്ങളുടെ മാത്രം ഇടപെടലുകൾകൊണ്ട് ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ പാവപ്പെട്ടവരുടെ കാര്യത്തിൽ സഭയ്ക്കു സവിശേഷമായ ശ്രദ്ധയുണ്ടാകണം. ഓരോ ഇടവകയും സഭാസ്ഥാപനവും സംഘടനയും തങ്ങൾക്കു ചുറ്റുമുള്ള നാനാജാതിമതസ്ഥരുടെ ദാരിദ്ര്യപൂർണ്ണമായ ജീവിതസാഹ ചര്യങ്ങളെ ഗൗരവമായി പരിഗണിക്കണം. തങ്ങളുടെ ചുറ്റുമുള്ള, ദാരിദ്ര്യമനുഭവിക്കുന്നവർക്കു ഭക്ഷണം ഉറപ്പാക്കാൻ സഭാംഗങ്ങൾ എല്ലാവരും ശ്രദ്ധ ചെലുത്തണമെന്നു സിനഡ് ആഗ്രഹിക്കുന്നു

ഓരോ ഇടവകാതിർത്തിയിലും പട്ടിണിനേരിടുന്ന ഭവനങ്ങളെ കണ്ടെത്താനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതുണ്ട്. അവർക്കു ഭക്ഷണലഭ്യത ഉറപ്പുവരുത്താനുള്ള കാര്യക്ഷമവും പ്രായോഗികവുമായ സംവിധാനങ്ങൾ ക്രമീകരിക്കണം. പള്ളികളുടെ മുൻഭാഗത്തുള്ള മോണ്ടളത്തിൽ അരിയും പയറും മറ്റ് അവശ്യഭക്ഷ്യസാധനങ്ങളും അടങ്ങിയ കിറ്റുകൾ തയ്യാറാക്കിവയ്ക്കുന്ന പതിവു നമ്മുടെ സഭയിലെ പല ഇടവകകളിലും നിലവിലുണ്ട്. ഈ പദ്ധതി സാധിക്കുന്നിടത്തോളം സഭമുഴുവനിലും ഫലപ്രദമായി നടപ്പിലാക്കാൻ പരിശ്രമിക്കണം. ഭക്ഷണകാര്യങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ ആരുടെയും അനുവാദം കൂടാതെ എടുത്തുകൊണ്ടുപോകാനുള്ള അവസരം ഇതുവഴി ഒരുക്കാവുന്നതാണ്.

സാഹോദര്യവും മാനവികതയും പ്രകടമാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക എന്നതാണ്. "എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു" (മത്താ.25:35) എന്ന് അന്ത്യനാളിൽ

ഈശോയുടെ സ്വരം കേൾക്കാനിടയാകത്തക്കവിധം ഇന്നു ദരിദ്രരുടെ നിലവിളിക്കു നമുക്ക് ചെവികൊടുക്കാം. വിശക്കുന്ന വയറുകളോട് ഈശോ കാണിച്ച കരുതൽ നമ്മുടെ എല്ലാ ഇടവകകളിലും പ്രായോഗികപദ്ധതികളായി രൂപപ്പെടണം. അതിനുവേണ്ടി നമ്മുടെ ഇടവകകളുടെയും സ്ഥാപന ങ്ങളുടെയും വരുമാനം ഉപയോഗിക്കുവനുള്ള കടമയെ ക്കുറിച്ചും സിനഡ് ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിച്ചു.

**വൈദികപരിശീലനം**

കോവിഡ് 19-ന്റെ കാലത്തു വൈദികപരിശീലനം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് സിനഡ് ചർച്ചചെയ്തു. ഓരോ സെമിനാരിയിലെയും പ്രത്യേക സാഹചര്യം പരിഗണിച്ചു ഡീക്കന്മാരുടെ പരിശീലനം പൂർത്തിയാക്കുന്ന തിനനുസൃതമായി അവരുടെ തിരുപ്പട്ടസ്വീകരണത്തിന്റെ സമയം ക്രമീകരിക്കുന്നതിന് രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരെയും സിനഡ് ചുമതലപ്പെടുത്തി. വൈദികപരിശീലനം പരമപ്രധാന മാകയാൽ സെമിനാരികളിലെ അധ്യാപകരെ തിരഞ്ഞെ ടുക്കുന്നതിന് കൂടുതൽ സഭാത്മകമായ മാനദണ്ഡങ്ങൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

**യാമപ്രാർത്ഥനകൾ**

സഭയിലെ യാമപ്രാർത്ഥനകളുടെ പരിഷ്കരണത്തിന് ആരാധനാക്രമകമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സിനഡ് അംഗീകരിച്ചു. പരിഷ്കരിച്ച യാമപ്രാർത്ഥനഗ്രന്ഥത്തിന്റെ ഡ്രാഫ്റ്റ് അടുത്ത സിനഡിൽ വിശദമായി ചർച്ചചെയ്യാനും തീരുമാനമായി. സഭയുടെ കൂട്ടായ്മയും ഐക്യവും പൂർവ്വാ ധികം ശക്തമാക്കാനുള്ള പരിശ്രമങ്ങൾ എല്ലാത്തലങ്ങളിലും വ്യാപിപ്പിക്കണമെന്നു സിനഡ് ആഹ്വാനം ചെയ്തു.

**ആദരാഞ്ജലികൾ**


ഇടുക്കിജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും ജീവനും സ്വത്തും നഷ്ടപ്പെട്ടവരെയും

കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തിൽ മരണമടഞ്ഞവരെയും സിനഡ് പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഉപസംഹാരം**

ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയലമർന്നു ഞെരുങ്ങുന്ന ഈ സന്ദർഭത്തിൽ കൂടുതൽ ഉണർവ്വോടും ഉത്സാഹത്തോടുംകൂടി പ്രാർത്ഥിക്കാനും കാരുണ്യപ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടുകൂടി വ്യാപരിക്കാനും സഭാതനയരേവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. തിരുസഭാമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്കപേക്ഷിക്കാം.

സ്നേഹാശംസകളോടെ,



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2020-ാം ആണ്ട് സെപ്റ്റംബർ മാസം 1-ാം തിയതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 സെപ്റ്റംബർ മാസം 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

Prot. No. 0989/2020 24.08.2020

**സർക്കുലർ**

## എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയുംകുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയയ്ക്കുന്നതാണ്.


എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ച വ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച, സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ

സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്

---

NB: ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കുന്നതിനും വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്ത വർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കുന്നതി നുമായി നൽകപ്പെട്ടതാണ്.

Ref: 3335/K-5/KCBC/OL/DS 28.07.2020

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2020 ആഗസ്റ്റ് 16, ഞായർ

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവസമൂഹത്തോട് ഐകദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനുവേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദലിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കുചേരുകയും ചെയ്യുന്നു.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹികസാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്കും ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല, നിയമസംവിധാനങ്ങളുടെ പരിരക്ഷയുമില്ല.

കേരളത്തിൽ പരിവർത്തിത ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻവഴി ലഭിക്കുന്ന സഹായങ്ങൾക്കു ധാരാളം തടസ്സങ്ങൾ നേരിടുന്നു. സ്കൂൾ സർട്ടിഫിക്കറ്റുകളിൽ ദലിത് ക്രൈസ്തവർ OEC എന്ന് രേഖപ്പെടുത്തുന്നതിനും തടസ്സം വന്നിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ അർഹമായ പരിഗണന ലഭിക്കാതെ പോകുന്നു. അവിടെ പൊതുവിഭാഗങ്ങളിലെ പാവപ്പെട്ടവർക്കു ലഭിക്കുന്ന സഹായങ്ങൾപോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്കു സഭയ്ക്കുള്ളിലും അവസര സമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽനിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സാഹചര്യത്തിൽ ഈ സ്ഥാനം ലഭിക്കേണ്ടത് ദലിത് ക്രൈസ്തവർക്കാണല്ലോ. ദൈവവിളി പ്രോത്സാഹനം, സഭാസംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് CBCI യുടെ ദലിത് ശക്തീകരണനയം വ്യക്തമാക്കുന്നുണ്ട്. കോവിഡ് 19-ന്റെ കെടുതികൾ കൂടുതൽ അനുഭവിക്കുന്ന ദലിത് ക്രൈസ്തവരുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ രൂപതയും ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാരുടെയും സ്ഥിതിസമത്വവും തുല്യ നീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും

ജാതിവ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനില്ക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഭരണഘടനതന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നല്കപ്പെട്ടിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10 ലെ ഇൻഡ്യൻ പ്രസിഡന്റിന്റെ ഉത്തരവുപ്രകാരം ഹിന്ദുക്കളല്ലാത്ത ദലിതർക്കെല്ലാം സംവരണം നിഷേധിക്കപ്പെട്ടു. പിന്നീട് 1956 ൽ സിക്കുകാരും 1990-ൽ ബുദ്ധമതക്കാരുമായ ദലിതരെയും പട്ടികയിലുൾപ്പെടുത്തി സംവരണം നല്കിവരുന്നു. ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നല്കിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നല്കാൻ മാറിമാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല.

ഈ കടുത്ത അനീതിക്കെതിരേ സുപ്രീം കോടതിയിൽ കേസ് നടന്നുവരുന്നു. ഈ കേസിന്റെ അനുകൂലവിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് കത്തോലിക്ക മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാസഭയുടെ ദലിത് ശക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ അർഹരായ ദലിത് ക്രൈസ്തവരും പരിഗണിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലോക്ഡൗൺ കാരണം മാറ്റിവച്ച ടാലന്റ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP) ഈ വർഷം തന്നെ തുടങ്ങുന്നതാണ്. ഒപ്പം, കലാപര

മായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനവും ആരംഭിക്കേണ്ടതുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നല്കുന്നുണ്ട്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 28.07.2020 ൽ നൽകപ്പെട്ട കെ.സി.ബി.സി. സർക്കുലർ.

Ref: 3334/K-5/KCBC/OL/DS 27.07.2020

# 2020 ആഗസ്റ്റ് 9 ഞായർ
# തടവറ പ്രേഷിതദിനം

### ജീസസ് ഫ്രട്ടേണിറ്റിക്കുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും ഒന്നിച്ചുവരുന്ന ഓഗസ്റ്റ് 15 ഭാരതത്തിലെ കത്തോലിക്കാസമൂഹത്തിനു സുപ്രധാനദിനമാണ്. സമാഗതമാകുന്ന ഈ അനുഗൃഹീതദിനത്തിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നാമെല്ലാം ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകൾ നമ്മെ സഹായിക്കുന്നുണ്ട്.

2020 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ടു വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബെയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾദിനമായ ആഗസ്റ്റ് 14 ന് മുൻപു വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി ഭാരതസഭ ആചരിക്കുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിനു കൂടുതൽ പ്രിയപ്പെട്ടവനാക്കുന്നു. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്കു ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടാ

യിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജരാക്കുക എന്നതാണ് ഈ ദിനാചരണം ലക്ഷ്യമാക്കുന്നത്.

ഫ്രാൻസിസ് മാർപാപ്പ 2019 നവംബർ 7,8 തീയതികളിൽ ലോകത്ത് എല്ലായിടത്തുമുള്ള തടവറ ചാപ്ലെയിൻമാർക്കുവേണ്ടി ഒരു അന്താരാഷ്ട്ര കോൺഗ്രസ്സ് നടത്തുകയുണ്ടായി. മനുഷ്യരുടെ സമഗ്രവികസനവും കത്തോലിക്കരുടെ തടവറ അജപാലനശുശ്രൂഷയും സംബന്ധിച്ച കോൺഫ്രൻസ് ആയിരുന്നു അത്. ഫ്രാൻസിസ് മാർപാപ്പാ ഈ കോൺഫ്രൻസിൽ വച്ച് തടവുകാർക്ക് ശുശ്രൂഷ ചെയ്യുന്നവർ അവരുടെ വീക്ഷണവും സമീപനവും വ്യത്യാസപ്പെടുത്തണമെന്ന് നിഷ്കർഷിച്ചു. നവീകരണവും വികസനവും മനുഷ്യരുടെ സമഗ്രമായ വളർച്ചയ്ക്ക് കൂടുതൽ നല്ല അവസരങ്ങൾ നൽകുന്നതായിരിക്കണമെന്ന് മാർപാപ്പ ഓർമപ്പെടുത്തി. മനുഷ്യവ്യക്തിയുടെ ദൈവികമായ മഹത്ത്വം സംരക്ഷിക്കപ്പെടുവാനുള്ള അവകാശം നിഷേധിക്കപ്പെട്ടാൽ തടവറസഹോദരങ്ങൾ വീണ്ടും അക്രമം, സുരക്ഷിതത്വമില്ലായ്മ, നിരാശ എന്നിവയിൽ ചെന്നുവീഴും. തിന്മ ചെയ്തതിനുള്ള ശിക്ഷ അനുഭവിച്ചുകഴിഞ്ഞവരെ വീണ്ടും തള്ളിക്കളയുമ്പോൾ അവർ പഴയ തെറ്റുകൾ ആവർത്തിക്കുകയും വീണ്ടും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

തടവറയിൽ കഴിയുന്നവരെ നവീകരിക്കാനും അവർക്ക് പൂർണ്ണത വരുത്താനുമുള്ള മാർപാപ്പയുടെ ആഹ്വാനത്തെ അടിസ്ഥാനപ്പെടുത്തി തടവറ പ്രേഷിതകൂട്ടായ്മ ഈ വർഷത്തെ തടവറ പ്രേഷിതദിനത്തിൽ "പരിഷ്കരണത്തിലൂടെ ഏകീകരണത്തിലേക്ക്" എന്ന ചിന്താവിഷയമാണ് പരിഗണിച്ചിരിക്കുന്നത്. ആരംഭത്തിൽത്തന്നെ, ഈശോയുടെ പ്രബോധനങ്ങളിൽ വളരെ ശ്രദ്ധേയമായ ഒരെണ്ണം ഓർമ്മയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. "നീ പ്രതിയോഗിയോടു വഴിക്കുവച്ചുതന്നെ വേഗം രമ്യതപ്പെട്ടുകൊള്ളുക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏൽപിച്ചു

കൊടുക്കും അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. അവസാനത്തെ ചില്ലിക്കാശും കൊടുത്തുവീട്ടുവോളം നീ അവിടെനിന്നു പുറത്തു വരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു"(മത്താ 5:25-26). തടവറയിലേക്കു പോകാതിരിക്കുന്നതാണ് കൂടുതൽ നല്ലതെന്ന് അനേകരുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. രോഗശമനത്തെക്കാൾ പ്രതിരോധമാണല്ലോ ശ്രേഷ്ഠം.

തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ പരമപ്രധാനമായ ധർമ്മം തടവറയിൽ കഴിയുന്നവരെ അനുതാപത്തിലേക്കും അനുരഞ്ജനത്തിലേക്കും വ്യക്തിത്വരൂപീകരണത്തിലേക്കും നയിക്കുക എന്നതാണ്. നമുക്ക് അറിയാവുന്നതുപോലെ ഈശോയുടെ ഏറ്റവും മൗലികമായ പ്രബോധനം മാനസാന്തരപ്പെടുവാനുള്ള ആഹ്വാനമാണ്. "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു" (മത്താ:3:2). "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ:18:3). യഥാർത്ഥ മാനസാന്തരം ദൈവത്തോടും സമൂഹത്തോടും കുടുംബത്തോടും തന്നോടു തന്നെയുമുള്ള അനുരഞ്ജനത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു. "നീ ബലിപീഠത്തിൽ ബലിയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ 5:23-24) എന്ന തിരുവചനം നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. അനുതാപവും അനുരഞ്ജനവും കൃപാവരത്തിന്റെയും ആധ്യാത്മിക പടപൊരുതലിന്റെയും പ്രവൃത്തികളാണ്. അതുകൊണ്ട് തടവറ പ്രേഷിതകൂട്ടായ്മയുടെ നവീകരണ പരിശ്രമങ്ങളുടെ ഫലപൂർണതയ്ക്കുവേണ്ടി നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളും ഉപവാസവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. യേശുസാഹോദര്യ കൂട്ടായ്മയുടെ പരമലക്ഷ്യം ജീവിതയാത്രയിൽ സ്വയം നഷ്ടപ്പെട്ടവരുടെ നിത്യരക്ഷതന്നെയാണ്. തടവറയിലുള്ളവർ നമ്മുടെ സഹോദരന്മാരും

സഹോദരികളുമാണെന്ന് തടവറപ്രേഷിത ഞായർ ആചരണത്തിലൂടെ സഭ പ്രഘോഷിക്കുന്നു. അവർ അനുതപിക്കാനും അനുരഞ്ജനപ്പെടാനും തങ്ങളെത്തന്നെ നവീകരിക്കാനും സന്നദ്ധരാണെങ്കിൽ ഒരവസരംകൂടി നൽകാൻ നമ്മൾ തയ്യാറാകണം. തടവറയിൽ കഴിയുന്ന സഹോദരങ്ങളിൽ ക്രിസ്തുവിന്റെ മുഖം ദർശിക്കാൻ നമുക്കു കഴിയുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ കാഴ്ചയുള്ളവരാകുന്നത്. യേശു പറഞ്ഞു: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തു വന്നു" (മത്താ: 25:36).

ജീസസ് ഫ്രട്ടേണിറ്റി (യേശുസാഹോദര്യകൂട്ടായ്മ) തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു പ്രേഷിതകൂട്ടായ്മയാണ്. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. കഴിഞ്ഞ 34 വർഷങ്ങളായി, കേരളത്തിലെ ജയിലുകൾ സന്ദർശിച്ചുകൊണ്ട് തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും, ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നുനൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ശ്രദ്ധിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തുവരുന്നു. കൂടാതെ, അവരുടെ മക്കളെ ജീസസ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ചു പഠിപ്പിക്കുന്നതോടൊപ്പം വിവാഹപ്രായമെത്തിയവരെ വിവാഹം കഴിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയാണ് നിജപ്പെടുത്തിയിരിക്കുന്നത്. 2500-ൽ അധികം തടവറവിമുക്തരായവരെ പുനരധിവസിപ്പിക്കാനും സാധാരണ

ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് ഇതുവരെ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട് പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ കീഴിൽ വരുന്ന യേശുസാഹോദര്യകൂട്ടായ്മയുടെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 –ൽ ആരംഭിച്ച ഈ പുനരധിവാസകേന്ദ്രങ്ങളിൽനിന്നുമായി നാളി തുവരെ 250 –ൽപ്പരം യുവതീയുവാക്കളുടെ വിവാഹം നടത്തി സഹായിച്ചിട്ടുണ്ട്. 500–ൽ പരം കുടുംബങ്ങൾ പുനരധി വസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്രവളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണ ങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്ന വരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായി വരുന്ന എല്ലാ ചെലവുകളും യേശുസാഹോദര്യകൂട്ടായ്മയുടെ നേതൃത്വ ത്തിൽ നിർവഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്കു മാത്രമായി ഒരു പൊതു അംഗീകാരവും നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46–ഓളം യൂണിറ്റുകളിലായി 1000–ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതക ളിൽനിന്നും കൂടുതൽ ആളുകൾ ഈ രംഗത്തേക്കു കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. വൈദികവിദ്യാർത്ഥികൾ ഈ രംഗത്തു ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോ

ദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകകളിൽനിന്നു ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. കോവിന്റെ 19 ന്റെ പശ്ചാത്ത ലത്തിൽ ഈ വർഷം പല പരിമിതികളുമുണ്ട് എന്നതു വസ്തു തയാണ്. എങ്കിലും സാധിക്കുന്നവിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണ മെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാ കുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോ പണത്തിരുനാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യുസേബിയൂസ്**

(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാ ലയം

കൊച്ചി - 682 025

---

NB: 27.07.2020 ൽ നൽകപ്പെട്ട കെ.സി.ബി.സി. സർക്കുലർ

## സർക്കുലർ - 274

# കോവിഡ് ബാധിച്ച് മരിച്ചവരുടെ സംസ്കാരശുശ്രൂഷ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കോവിഡ്-19 നമ്മുടെ നിയന്ത്രണങ്ങൾക്ക് അതീതമായി വ്യാപിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനെത്തുടർന്നുള്ള മരണസംഖ്യയും ക്രമേണ വർദ്ധിക്കുന്നതായി കാണുന്നു. കോവിഡ് ബാധിതരായി മരിക്കുന്നവരുടെ ശരീരങ്ങളോടു ആദരവു പുലർത്താനും സംസ്കാരശുശ്രൂഷകൾ ഭക്തിപൂർവ്വം നടത്തുവാനും അവരുടെ ബന്ധുമിത്രാദികളോടു സഹാനുഭൂതിയോടെ ഇടപെടുവാനും എല്ലാവരും ശ്രദ്ധിക്കണം. രോഗബാധിതരോടും അവരോടു ബന്ധപ്പെടുന്നവരോടും മാത്രമല്ല ക്വാറന്റൈനിൽ ആയിരിക്കുന്നവരോടും ചിലപ്പോഴെങ്കിലും നമ്മുടെ സമൂഹവും ബന്ധുക്കളും പുലർത്തുന്ന മനോഭാവം ആശങ്കാജനകമാണ്. രോഗം ബാധിച്ചു മരിക്കുന്നവരുടെ ശരീരത്തോടുള്ള ഭയപ്പാട് ഈ രോഗത്തെക്കുറിച്ചും അതിന്റെ വ്യാപനത്തെക്കുറിച്ചുമുള്ള ചില തെറ്റായ ധാരണകളിൽ നിന്നാണു രൂപപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ കൂടുതൽ മനുഷ്യത്വപരവും അതോടൊപ്പം യുക്തിഭദ്രവുമായ സമീപനം ആവശ്യമാണ്.

### മൃതസംസ്കാരശുശ്രൂഷ

കോവിഡ് ബാധിച്ച് മരിച്ചവരുടെ സംസ്കാരം ലോകാരോഗ്യസംഘടനയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും നല്കിയിട്ടുള്ള നിബന്ധനകൾക്കനുസരിച്ചാണ് നടത്തേണ്ടത്. അതിനു സഹായകരമാകുന്ന ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

1. കോവിഡ് ബാധിച്ചു മരിച്ചവരുടെ സംസ്കാര ശുശ്രൂഷയ്ക്കുമുമ്പ് ആരോഗ്യവകുപ്പ്, പോലീസ് എന്നിവരുടെ നിർദ്ദേശങ്ങളും മുൻകരുതലുകളും കൃത്യമായി പാലിക്കേണ്ടതാണ്. ഇത്തരം നിർദ്ദേശങ്ങൾ ജില്ലകൾ തമ്മിലും ജില്ലയിലെതന്നെ പ്രദേശങ്ങൾ തമ്മിലും വ്യത്യാസങ്ങളുണ്ടാകാം. അക്കാര്യം ബന്ധപ്പെട്ടവരോടു ചോദിച്ചു വ്യക്തത വരുത്തണം.
2. മരിക്കുന്ന വ്യക്തിക്ക് കോവിഡാണെന്നു സംശയിക്കുന്ന പക്ഷം, തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ വാർഡ് മെമ്പറെയും ആരോഗ്യവകുപ്പിനെയും അറിയിക്കേണ്ടതാണ്. അവരുടെ നിർദ്ദേശങ്ങൾ പാലിച്ചാണു സംസ്കാരം നടത്തേണ്ടത്.
3. കോവിഡ് ബാധിതരുടെ മൃതദേഹം അണുവിമുക്തമാക്കി നല്കുന്നതിനാൽ അതിൽനിന്ന് ആർക്കും വൈറസ്ബാധ ഉണ്ടാവുകയില്ല.
4. ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികൾ ഒരു കാരണവശാലും മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ പാടില്ല. കോവിഡ്മൂലം മരിച്ചയാളുടെ സംസ്കാരത്തിൽ പങ്കെടുക്കുന്നവർ അധികൃതരുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിരിക്കണം. മൃതദേഹമടങ്ങിയ പെട്ടി വഹിക്കുന്നവർ നിർബന്ധമായും പി.പി.ഇ. കിറ്റ് ധരിച്ചിരിക്കണം.

   മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുന്നവർ സംസ്കാരത്തിനുശേഷം നിർബന്ധമായും കൈകൾ സോപ്പുപയോഗിച്ചോ സാനിറ്റൈസർ ഉപയോഗിച്ചോ ശുചിയാക്കേണ്ടതാണ്. മരിച്ചയാളുടെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നവരല്ല, മറിച്ച്, മരിച്ചയാളുമായി മുമ്പ് സമ്പർക്കമുണ്ടായിരുന്നവരാണ് 14 ദിവസം ക്വാറന്റൈനിൽ പോകേണ്ടത്.

5. ആവശ്യത്തിനുള്ള പി.പി.ഇ. കിറ്റുകൾ, ഗ്ലൗസുകൾ, മാസ്കുകൾ തുടങ്ങിയവ മൃതസംസ്കാരത്തിനു മുമ്പേ ഉത്തരവാദിത്വപ്പെട്ടവർ ഉറപ്പുവരുത്തണം. ശുശ്രൂഷയിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓരോ പള്ളിയിലും ഉണ്ടാകണം.

6. കോവിഡ് പോസിറ്റീവായി മരിക്കുന്നവരുടെ മൃതദേഹം നേരിട്ടു സിമിത്തേരിയിലെത്തിച്ചാണ് കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത്. തദവസരത്തിൽ ഭവനത്തിലെയും ദൈവാലയത്തിലെയും സിമിത്തേരിയിലെയും ശുശ്രൂഷകളിലെ പ്രസക്തമായ പ്രാർത്ഥനകൾ സിമിത്തേരിയിൽവച്ചു നടത്തേണ്ടതാണ്.

7. കൊറോണ ബാധിച്ചു മരിച്ചവരുടെ അന്ത്യദർശനാവസരത്തിൽ അകലം പാലിച്ചുവേണം മരിച്ചയാളുടെ മുഖം കണ്ട് ആദരവ് അർപ്പിക്കേണ്ടത്.

8. സിമിത്തേരിയിൽ സിവിൽ അധികാരികളുടെ നിർദ്ദേശപ്രകാരമാണ് സംസ്കരിക്കാനുള്ള കുഴികളോ കല്ലറകളോ തയ്യാറാക്കേണ്ടത്.

**മൃതദേഹം ദഹിപ്പിക്കൽ**

9. തിരുസഭയുടെ വിശ്വാസവും പാരമ്പര്യവും പ്രബോധനവുമനുസരിച്ച് സാധാരണരീതിയിൽ മൃതദേഹം സിമിത്തേരിയിൽ സംസ്കരിക്കുകയാണു ചെയ്യുന്നത്. എന്നാൽ, കോവിഡിന്റെ പശ്ചാത്തലത്തിൽ ബന്ധുക്കളുടെ സമ്മതത്തോടെ, സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്കു വിധേയമായി, മൃതദേഹം ദഹിപ്പിക്കാവുന്നതാണ്.

10. മൃതദേഹം ദഹിപ്പിക്കുന്നതിനെ സംബന്ധിച്ച സഭയുടെ പ്രബോധനം ഇപ്രകാരമാണ്: "ശരീരത്തിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തിൽ സംശയം പ്രകടിപ്പിക്കുന്നില്ലെങ്കിൽ സഭ ശവദാഹം അനുവദിക്കുന്നു" ('കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം", ഖണ്ഡിക 2301). നമ്മുടെ സഭാ

നിയമം ഇത് അനുവദിക്കുന്നു: "തങ്ങളുടെ ശരീരം ദഹിപ്പിക്കണമെന്ന് തീരുമാനമെടുത്തവർ ക്രിസ്തീയ ജീവിതത്തിനു വിരുദ്ധമായ കാരണങ്ങളാലല്ല അങ്ങനെ ചെയ്തതെങ്കിൽ അവർക്കു സഭാപരമായ മൃതസംസ്കാരം നല്കേണ്ടതാണ്"(CCEO. 876 #3). ലത്തീൻ സഭാനിയമത്തിലും ശവദാഹം അനുവദിക്കുന്നുണ്ട് (CIC.1176 #3).

11. മൃതദേഹം ദഹിപ്പിക്കുന്നതിനെ സംബന്ധിച്ചും അതിനു ശേഷം ഭസ്മം അടക്കം ചെയ്യുന്നതിനെ സംബന്ധിച്ചും സഭ വിശദമായ നിർദ്ദേശങ്ങൾ (Instruction of the Congregation of the Doctrine of Faith, "*Ad resurgendum cum Christo*" - to rise with Christ, dated 25-10-2016) നല്കിയിട്ടുണ്ട്. മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ടത് പൊതു കേന്ദ്രങ്ങളിലാണ്. അത് അസാദ്ധ്യമാകുന്ന അവസരത്തിൽ മാത്രമേ സിമിത്തേരിയിലും വീട്ടുപരിസരത്തും ദഹിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കാവൂ. മൃതദേഹം ദഹിപ്പിച്ച ശേഷമുള്ള ഭസ്മം മുഴുവനും അന്ത്യകർമ്മങ്ങൾ നടത്തി സിമിത്തേരിയിൽ സംസ്കരിക്കേണ്ടതാണ്.

## പാലാ സമരിറ്റൻസ് Task Force

12. രൂപതാതിർത്തിക്കുള്ളിൽ, ആവശ്യമായി വന്നാൽ കോവിഡ് ബാധിതരായിട്ടുള്ളവർക്കു സഹായങ്ങൾ നല്കുന്നതിനും മരണം സംഭവിച്ചാൽ സംസ്കാരശുശ്രൂഷകളോടു ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും 'പാലാ സമരിറ്റൻസ് Task Force' എന്ന പേരിൽ വൈദികരും അല്മായരും അടങ്ങിയ ഒരു ടീം രൂപതയിൽ സജ്ജമായിട്ടുണ്ട്. അവർക്കുള്ള പരിശീലനം ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. രൂപതയിലെ എസ്.എം.വൈ.എം., എ.കെ.സി.സി., പിതൃവേദി, ഡി.സി.എം.എസ്., വിശ്വാസപരിശീലകർ, കുടുംബകൂട്ടായ്മ അംഗങ്ങൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് രൂപത ഈ ടീമിനെ ഒരുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് തയ്യിൽ ബഹു. തോമസ് അച്ചനു

മായി ബന്ധപ്പെടാവുന്നതാണ്. ഈ ടീമിന്റെ അംഗങ്ങളായി പ്രവർത്തിക്കുവാൻ മുന്നോട്ടു വന്നിരിക്കുന്ന ഏവരെയും ഈ അവസരത്തിൽ പ്രാർത്ഥനയോടെ ഓർക്കുന്നു.

കോവിഡ് രോഗബാധിതർ ആരെല്ലാമെന്നു കൃത്യമായി നിർണയിക്കാൻ സാധിക്കാതെവന്നിരിക്കുന്ന സാഹചര്യത്തിൽ നാമെല്ലാവരും നിതാന്തജാഗ്രത പുലർത്തേണ്ടതാണ്. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തരുത്. എല്ലാവരെയും, പ്രത്യേകിച്ച് കോവിഡ് ബാധിതരെ പ്രാർത്ഥനയിൽ സമർപ്പിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 01-08-2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

**NB:** ഈ സർക്കുലർ ഏറ്റവും അടുത്ത ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുന്നതിനും ഇപ്പോഴത്തെ സാഹചര്യത്തിൽ അതു സാധ്യമല്ലെങ്കിൽ മറ്റ് യുക്തമായ മാർഗ്ഗങ്ങളിലൂടെ ഇടവകാംഗങ്ങളെ അറിയിക്കുന്നതിനുമായി നൽകപ്പെട്ടതാണ്.

**സർക്കുലർ - 275**

# വൈദികരുടെ വാർഷികധ്യാനം

ഈശോയിൽ ഏറ്റം പ്രിയപ്പെട്ട ബഹു. അച്ചന്മാരേ,

വളരെ പ്രതിസന്ധികൾ നിറഞ്ഞ ഈ കാലഘട്ടത്തിലും നിങ്ങൾ സമർപ്പണബുദ്ധിയോടുകൂടി ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ അജപാലനശുശ്രൂഷകൾക്കും പ്രത്യേകം നന്ദി പറയുന്നു. നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലും പ്രിസ്ബിറ്ററൽ കൗൺസിലും Zoom Conferencing ലൂടെ നടത്തുകയും ഈ കാലഘട്ടത്തിലെ പ്രതിസന്ധികളെക്കുറിച്ച് പങ്കുവയ്ക്കുകയും സാധ്യമായ പരിഹാരമാർഗ്ഗങ്ങൾ അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലുംവച്ച് ബഹു. വികാരിജനറാളന്മാരുടെ സാന്നിദ്ധ്യത്തിൽ ബഹു. അച്ചന്മാരുടെ മാസധ്യാനവും നടന്നുവല്ലോ. ദൈവജനത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം വിശുദ്ധിയോടും സമർപ്പണബുദ്ധിയോടുംകൂടി നിർവ്വഹിക്കുവാൻ വിശുദ്ധ ജോൺ മരിയ വിയാനിയുടെയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെയും മാധ്യസ്ഥ്യം നിരന്തരം തേടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ ജീവിതത്തിലെ സുപ്രധാനമായ ഒരു കാര്യമാണല്ലോ വാർഷികധ്യാനം. ഈ വർഷം അൽഫോൻ സിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നിച്ചുകൂടി വാർഷിക ധ്യാനം നടത്താൻ സാധിക്കാത്ത ഒരു സാഹചര്യമാണ് നമുക്കുള്ളതെന്ന് അറിയാമല്ലോ. ആയതിനാൽ Zoom Conferencing ലൂടെ ഈ വർഷത്തെ നമ്മുടെ വാർഷിക ധ്യാനം നടത്താൻ വേണ്ട ക്രമീകരണം ചെയ്യുകയാണ്. നമ്മുടെ പ്രിസ്ബിറ്ററൽ കൗൺസിലിൽ ഇക്കാര്യം ഞാൻ പങ്കുവച്ചി രുന്നു. 2020 ആഗസ്റ്റ് മാസം 24 മുതൽ 28 വരെയുള്ള ദിവസങ്ങളിലാണ് (തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം) ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

ഓരോ ദിവസവും വൈകുന്നേരം 5 മണിക്ക് ആരംഭിക്കും; 8.30–ന് അവസാനിക്കും. നിങ്ങളാ യിരിക്കുന്ന സ്ഥലത്ത് Online Connection ക്രമീകരിക്കുന്ന താണ്. വ്യാഴാഴ്ച വൈകിട്ട് 8.30–ന് ധ്യാനം അവസാനിക്കും. കുമ്പസാരത്തിനുള്ള അവസരം അതത് ഫൊറോനായിൽ 26–ാം തീയതി ബുധനാഴ്ച ഉച്ച കഴിഞ്ഞ് 3 മണി മുതൽ ബഹു. ഫൊറോനാ വികാരിയച്ചന്മാർ ക്രമീകരിക്കേണ്ടതാണ്. അന്നേ ദിവസത്തെ ധ്യാനവും അവിടെവച്ച് കൂടുന്നതാണ് എളുപ്പമെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. ഇത്തവണ ഒറ്റ ബാച്ചിൽ ധ്യാനം തീരുന്ന താണ്. കേരളത്തിനു പുറത്തും വിദേശത്തുമുള്ള, നമ്മുടെ രൂപതയിലെ ബഹു. അച്ചന്മാർക്കുകൂടി ഇതിൽ പങ്കെടുക്കു വാനുള്ള ക്രമീകരണം ചെയ്യുന്നതാണ്. അതായത്, നമ്മൾ എല്ലാവരും ഒരേസമയം ഒറ്റ ബാച്ചായിട്ട് ഈ വർഷം ധ്യാന ത്തിലേക്കു പ്രവേശിക്കുകയാണ്. ബഹു. അച്ചന്മാർ എല്ലാവരും ഇതിൽ പങ്കുചേരണം. ഒരാൾപോലും ധ്യാനത്തിൽനിന്ന് ഒഴിവാകരുത്. എല്ലാവരുടെയും സൗകര്യംകൂടി പരിഗണനയി ലെടുത്തുകൊണ്ടാണ് ഈ സമയക്രമീകരണം തിട്ടപ്പെടുത്തി യിരിക്കുന്നത്. ധ്യാനഗുരു ആലപ്പുഴ രൂപതാ മെത്രാൻ അഭിവന്ദ്യ ജെയിംസ് റാഫേൽ ആനാപറമ്പിൽ പിതാവാണ്. വേദ പുസ്തകപണ്ഡിതനായ അദ്ദേഹത്തിന്റെ വചനവ്യാഖ്യാനം നമ്മുടെ വിശുദ്ധീകരണ ത്തിന് ഏറ്റം ഉപകാരപ്പെടും എന്നത് ഉറപ്പാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01–08–2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

N.B. വാർഷികധ്യാനത്തെ സംബന്ധിച്ച് 01–08–2020 ൽ നൽകപ്പെട്ട അറിയിപ്പ്.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

# വാർഷികധ്യാനം

ഏറ്റവും സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ,

സർക്കുലർ-275 പ്രകാരം 2020 ആഗസ്റ്റ് മാസം 24 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ (തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം) നമ്മുടെ വാർഷികധ്യാനമാണല്ലോ. ഈ വർഷത്തെ ധ്യാനം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിങ്ങളാ യിരിക്കുന്ന സ്ഥലത്ത് Zoom Application ലൂടെയാണ് ക്രമീകരിച്ചിരിക്കുന്നത്. ഇന്ത്യൻ സമയം വൈകുന്നേരം 5 മണി മുതൽ രാത്രി 8.30- വരെയുള്ള സമയത്താണ് ധ്യാനപ്രസംഗങ്ങൾ നല്കുന്നത്. നിശ്ചിത സമയത്താണ് ധ്യാനപ്രസംഗങ്ങളെങ്കിലും ആ നാലു ദിനങ്ങൾ പ്രാർത്ഥനയ്ക്കും വചനപഠനത്തിനുമായി നമുക്ക് നീക്കിവയ്ക്കാം.

കുമ്പസാരത്തിനുള്ള അവസരം അതാത് ഫൊറോനായിൽ 27-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ (കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ച്) ക്രമീകരിക്കുകയും അന്നേദിവസത്തെ ധ്യാനവും അവിടെവച്ച് കൂടുന്നതിനും അത്താഴം ഒരുമിച്ചു കഴിക്കുന്നതിനും വേണ്ട ക്രമീകരണവും പെരിയ ബഹു. ഫൊറോനാ വികാരിയച്ചന്മാർ ചെയ്യുമല്ലോ.

കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം നിര്യാതരായ മറ്റപ്പള്ളിൽ ബഹു. മാത്യു, കാര്യപ്പുറം ബഹു. ജോസഫ് എന്നീ അച്ചന്മാർക്കുവേണ്ടി വ്യാഴാഴ്ച രൂപതാകേന്ദ്രത്തിൽ വി. കുർബാന അർപ്പിക്കുന്നതാണ്.

ബഹു. വൈദികർക്ക് Computer, Tablet or Smart Phone എന്നിവയിൽ Zoom Application Install ചെയ്ത് ധ്യാനത്തിൽ പങ്കെടുക്കാവുന്ന രീതി അറിയാമല്ലോ. Zoom Application-ലൂടെ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാങ്കേതികമായ അസൗകര്യ

മോ മറ്റെന്തെങ്കിലും ബുദ്ധിമുട്ടോ ഉള്ളവർക്ക് ഫൊറോനാകേന്ദ്ര ത്തിൽ അതിനുള്ള സൗകര്യം ഉണ്ടായിരിക്കും. Zoom Application നുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ (ID & Password ഉൾപ്പെടെ) രൂപതാകേന്ദ്രത്തിൽ നിന്നും തുടർന്നും നിങ്ങളുടെ E-mail, നമ്മുടെ രൂപതാ വൈദികരുടെ WhatsApp Group (Eparchy of Palai) എന്നിവ വഴി നല്കുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 19-08-2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB. വാർഷികധ്യാനത്തെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ ഇടവക സമൂഹത്തെ അറിയിക്കുന്നതിനും ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമായി നല്കപ്പെട്ട അറിയിപ്പ്.

## അറിയിപ്പുകൾ

### ഇടവക സഹായഫണ്ട്

നമ്മുടെ രൂപതയിലെ ഇടവക സഹായഫണ്ടിൽനിന്നു സഹായം പ്രതീക്ഷിക്കുന്ന ഇടവകകൾ 2020 സെപ്തംബർ 20-ാം തീയതിക്കകം കൺവീനർ എൻ.സി.എഫ്. കമ്മറ്റി, ബിഷപ്പ്സ് ഹൗസ്, പാലാ - 686 575 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പി ക്കേണ്ടതാണ്.

## രൂപത ഡിറക്ടറി 2020-2021

രൂപത ഡിറക്ടറി തയ്യാറായിരിക്കുന്നു. 225 രൂപാ നിരക്കിൽ രൂപതാകേന്ദ്രത്തിൽ നിന്നു ലഭിക്കുന്നതാണ്.

# കച്ചേരിക്കാര്യം

## Transfer and Appointment (June-July 2020)

| | Name & Office | w.e.from |
|---|---|---|
| 1. | **Fr. Kurian Mathoth**<br>Relieved from Curator, Christian Cultural Centre (Golden Jubilee Cultural Museum). | 15.08.2020 |
| 2. | **Fr. Joseph Kuzhinjalil**<br>Appointed as Director & Curator of Christian Cultural Centre (Golden Jubilee Cultural Museum); Residence at St. Alphonsa Shrine Church and the Pilgrim Centre, Bharananganam and relieved from Manager of Industrial Estate, Co-ordinator of Farmers Movement of the Eparchy, Co-ordinator of Palai Home Project & Priest in charge of Palai Mission in the Eparchies of Adilabad and Thuckley. | 15.08.2020 |
| 3. | **Fr. Thomas Valummel**<br>Appointed (additionally) as Manager of Industrial Estate and relieved from Assistant Co-Ordinator of Farmers Movement. | 15.08.2020 |
| 4. | **Fr. Thomas Kizhakkel**<br>Appointed (additionally) as Co-ordinator of Farmers Movement. | 15.08.2020 |
| 5. | **Fr. James Panachickal Karottu**<br>Appointed (additionally) as Assistant Co-ordinator of the Internet Mission. | 15.08.2020 |

# മതധർമ്മ സ്ഥാപനങ്ങളെ ബാധിക്കുന്ന നിയമങ്ങളിലെ ചില മാറ്റങ്ങൾ

## Income Tax Act 1961

സെക്ഷൻ 12A, 12AA, പ്രകാരമുള്ള മതധർമ്മ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വ്യവസ്ഥകളും സെക്ഷൻ 80G പ്രകാരമുള്ള ധർമ്മ സ്ഥാപനങ്ങളുടെ അംഗീകാര വ്യവസ്ഥകളും സമൂല മാറ്റങ്ങൾക്ക് വിധേയമാക്കി കേന്ദ്ര ഗവൺമന്റ് ഇൻകം ടാക്സ് നിയമത്തിൽ ഭേദഗതി വരുത്തിയ വിവരം നേരത്തെ അറിയിച്ചിരുന്നല്ലോ. അതു പ്രകാരം നിലവിലുള്ള സെക്ഷൻ 12A, 12AA, പ്രകാരമുള്ള രജിസ്ട്രേഷൻ 31-12-2020 വരെയുള്ള കാലയളവിൽ പുതുക്കേണ്ടതുണ്ട്. പുതുക്കുമ്പോൾ കിട്ടുന്ന രജിസ്ട്രേഷൻ പുതിയ വകുപ്പ് 12AB പ്രകാരമാണ്. പുതുക്കിയാലെ വരും വർഷങ്ങളിൽ ഇൻകം ടാക്സ് നിയമത്തിൽ നികുതി ഇളവു ലഭികുകയുള്ളു. വകുപ്പ് 80G പ്രകാരം നിലവിൽ അംഗീകാരമുള്ള സ്ഥാപനങ്ങളും മുകളിൽ പറഞ്ഞ കാലാവധിയിൽ പുതുക്കേണ്ടതുണ്ട്. മേൽ പറഞ്ഞ പുതുക്കലുകൾക്ക് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

1. **വകുപ്പ് 12AB പ്രകാരം പുതുക്കി കിട്ടുവാൻ**
   **താഴെ പറയുന്ന രേഖകൾ / വിവരങ്ങൾ തയ്യാറാക്കുക.**

1) സ്ഥാപനത്തിന്റെ പേരും, മേൽവിലാസവും, (കെട്ടിട നമ്പർ, റോഡ്, സ്ഥലം, ജില്ല, പിൻകോഡ് സഹിതം). പേര് PAN പ്രകാരമുള്ളതായിരിക്കണം.
2) സ്ഥാപനത്തിലെ ബന്ധപ്പെടേണ്ട വ്യക്തിയുടെ മൊബൈൽ നമ്പരും സ്ഥാപനത്തിന്റെ ലാൻഡ് ലൈൻ നമ്പരും STD Code സഹിതം.
3) സ്ഥാപനത്തിന്റെ E:mail address (വ്യക്തിയുടെ പേരിലുള്ളത് ഒഴിവാക്കുക)
4) നിലവിലുള്ള 12A, 12 AA സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
5) സ്ഥാപനത്തിന് ട്രസ്റ്റ് ഡീഡ് അല്ലെങ്കിൽ, സൊസൈറ്റി നിയമാവലി ഉണ്ടെങ്കിൽ അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ്.
6) മേൽ പറഞ്ഞ രേഖകൾ ഇല്ലാത്ത സ്ഥാപനങ്ങൾ സ്ഥാപനം നിലവിൽ വന്നതിന്റെ തെളിവുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പേടുത്തിയ പകർപ്പ്. ഉദാഹരണം:- മേലധികാരികളായ ജനറൽ, പ്രൊവിൻഷ്യൽ, അല്ലെങ്കിൽ രൂപതകളിലെ അധികാരപ്പെട്ട ഭാരവാഹിയുടെ സർട്ടിഫിക്കറ്റ്. ഈ സർട്ടിഫിക്കറ്റിൽ പേരും സ്ഥാപനം തുടങ്ങിയ തീയതിയും PAN CARDൽ ഉള്ളതു പോലെ കൃത്യമായി കാണിക്കണം.
7) ട്രസ്റ്റ് അല്ലെങ്കിൽ സൊസൈറ്റി ആയി സ്ഥാപിതമായ സ്ഥാപനമാണെങ്കിൽ രജിസ്ട്രേഷൻ സമയത്തു കിട്ടിയ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ട്രസ്റ്റ് ആണെങ്കിൽ അതിന്റെ ഒന്നാം ഷീറ്റിന്റെ രണ്ടുപുറത്തിന്റെയും പകർപ്പെടുത്ത് അതു സ്വയം സാക്ഷ്യപ്പെടുത്തിയതുമതി.
8) സ്വയം സാക്ഷ്യപ്പെടുത്തിയ കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക്.(Audit ചെയ്ത കണക്ക് നിർബന്ധമില്ലെങ്കിലും ഉണ്ടെങ്കിൽ അവയുടെ പകർപ്പുകൾ)

2

9) സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പറ്റിയുള്ള റിപ്പോർട്ട്. ഒരു പേജിൽ കവിയാതെ.

10) വിദേശസഹായം നിയന്ത്രണ നിയമപ്രകാരം (FCRA) സ്ഥാപനത്തിനു രജിസ്ട്രേഷനുണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പ്.

(സ്വയം സാക്ഷ്യപ്പെടുത്തിയ documentകളിൽ സ്ഥാപനത്തിന്റെ സീൽ കൂടി ഒപ്പിനടുത്തുവയ്ക്കണം.)

11) സ്ഥാപനത്തിലെ നിലവിലുള്ള ഭാരവാഹികളുടെ വിവരണം- താഴെ പറയും പ്രകാരം

| Sl.No. | Name of Members | Designation | PAN | Aadhar No | Address |
|---|---|---|---|---|---|
| | | | | | |

(വ്യക്തികൾക്ക് PAN എടുക്കുവാൻ ഇപ്പോൾ ഒരെളുപ്പവഴിയുണ്ട്. മൊബൈയിൽ നമ്പറുമായി ബന്ധപ്പെടുത്തിയ ആധാറിന്റെ കോപ്പിയും മൊബൈൽ നമ്പറും ഉണ്ടെങ്കിൽ വേഗം PAN എടുക്കാം. ഭാരവാഹികളെല്ലാവരും എത്രയും വേഗം PAN എടുക്കണം)

മുകളിൽ പറഞ്ഞ രേഖകളും വിവരങ്ങളും കിട്ടിയാൽ താമസം കൂടാതെ വകുപ്പ് 12AB പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ടത് Form 10A യിൽ ഇലക്ട്രോണിക് രീതിയിലാണ്.

**<u>ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ:-</u>**

1) Hostel ലുകളും Boarding ങ്ങുകളും Mess Dividing System ത്തിലേക്ക് മാറ്റിയാൽ GSTയുടെ പരിധിയിൽ നിന്നും ഒഴിവാകാവുന്നതാണ്.

2) Rented Building ഉള്ള സ്ഥാപനങ്ങൾ ഇരുപതു ലക്ഷത്തിൽ കൂടുതൽ തുക വാടക കിട്ടുന്നുണ്ടെങ്കിൽ GST പ്രകാരമുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യണം.

3) സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് PAN CARDൽ ഉള്ള പേരിൽ തന്നെ ആയിരിക്കണം. വ്യക്തികളുടെ PAN ആധാറുമായും ആധാർ മൊബൈലുമായും ബന്ധിപ്പിക്കണം. അക്ഷയയിൽ പോയാൽ ആധാറും മൊബൈലുമായി ബന്ധിപ്പിക്കാൻ സാധിക്കും.

4) എല്ലാ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകമായി ഇ-മെയിൽ, മൊബൈൽ ഫോൺ എന്നിവ നിർബന്ധമാണ്. കാരണം, മെസ്സേജ് എല്ലാം കോമൺ ഫോണിലേയ്ക്കും ഇ-മെയിലേയ്ക്കുമാണ് വരുന്നത്.

ഫാ. പ്രൊക്യുറേറ്റർ

Annexure to Letter Dated on 16.07.2020

## DETAILS & REQUIRMENTS FOR 12A/12AA RENEWAL

1 Name of Institution ( As per PAN)

2 PAN of Institution

3 Name of Congregation/Mother concern

4 Address:-

Name of Premises/Building

Building Number

Area/:Locality

Town/City

Place

District

Pinode

5 Mobile Number of Authorized Signatory (This number must be linked and verified with Aadhaar)

6 Phone Number of Contact person

7 Land Phone Number of Institution

8 E:mail Address of Institution

9 Type of Trust/Institution (Tick the applicable one)

Charitable

Religious

Religious-cum Charitable

10 Legal Status of Institution( Tick the applicable one)

Public Trust

Society

Religious Trust

Religious by Canon Law

(Attach certified copy of Trust Deed/Society certificate and MOA/Commencement certificate from higher authority)

11 Details of Trustees/Office bearers of the Institution:-

| Sl. No. | Name | PAN No. | Designation | Aadhaar No | Address |
|---|---|---|---|---|---|
| a | | | | | |
| b | | | | | |
| c | | | | | |
| d | | | | | |
| e | | | | | |
| f | | | | | |

12 Purpose of Institution ( Tick Applicable)

Religious

Education

Relief of the poor

Medical Relief

Specify any other Public Objects:-

13 Existing 12A/12AA registration number [ ] ( Attach Self certified Copy)

14 If there is any modifications in object of the Trust, Date of Modification. ( Attach Self-certified copy)

| | |
|---|---|
| | |
| | |
| | |

15 Whether the Institution have FCRA Registration | Yes | No | ( If yes attach self-certified copy)

16 Enclose the Following

1 Self-Certified copy of document evidencing the creation of Institution (Refer 6 & 7 of letter dated on 16.07.2020)

2 Self-Certified copy of registration with ROC/Registrar of Trust/Society.

3 Self-Certified copy of Amendment of the objects, if any

4 Self-Certified copy of last three years account statements. (Refer 8 of letter dated on 16.07.2020)

5 Notes on Activities of the Institution

6 Self-certified copy of existing 12A/12AA certificate

7 PAN of the Institution

8 PAN of office bearers

9 Aadhaar of office bearers

10 Copy of bank Cheque leaf ( Name must be same as per PAN)

## "Proforma 'AA'

(See rules 9, 12, Forms FC-3A, FC-3B and FC-3C)

**[To be executed by each office bearer and key functionary and member individually on non-judicial stamp paper of Rs. 10/- and attested by a Notary Public or 1st Class Magistrate]**

## AFFIDAVIT

1, …………………….……... (name of the Chief Functionary / Chairperson/ President/Secretary/ Chief Executive Officer/Managing Director/office bearer/key Functionary/member), son/daughter/wife of ……………………….………………………………, resident of ………………………,………having Aadhar Number /PAN Card Number / Passport Number / Voter Identity Card Number/ Driving License Number ….……………………. as the identity proof, do hereby solemnly affirm on oath that I am the Chief Functionary / Chairperson/ President/Secretary/ Chief Executive Officer/ Managing Director/office bearer/ key functionary/ member (whichever is applicable) of ……………………………………………………… (name of the applicant organization ), having its registered office at…………………………………………….. ……………………………………..…………… , and I have read and understood the provisions of the Foreign Contribution (Regulation) Act, 2010 (42 of 2010) and confirm that all the conditions as stipulated in sub-section (4) of section 12 of the said Act are fulfilled.

2. I also undertake to report to the Secretary to the Government of India, Ministry of Home Affairs, Foreigners Division (Foreign Contribution Regulation Act Wing) about any violation of the provisions of sub-section (4) of section 12 of the Foreign Contribution (Regulation) Act, 2010 by the applicant organisation or any of its members or office bearers or key functionaries that comes to my knowledge.

3. I also understand that submission of many forms or misleading information shall be punished under the applicable law.

Place :- Deponent

Date :- S/d

## VERIFICATION

I …………………… above named deponent do hereby verify that the contents of the aforesaid paragraphs 1 to 3 are true to the best of my knowledge and nothing has been concealed therefrom.

Date :- Deponent

Place :- S/d

NB. മുകളിൽ കൊടുത്തിരിക്കുന്ന ഫോമുകൾ പൂരിപ്പിച്ച്, ഡോക്യുമെന്റുകൾ സഹിതം 30.09.2020 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസിൽ എത്തിക്കുമല്ലോ.

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**1. ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ**

മാർസ്ലീവാ മെഡിസിറ്റി പാലായിലെ എല്ലാ ജീവനക്കാർക്കും പേട്രൺസ് കെയർ കോവിഡ് പോളിസി ഇൻഷുറൻസ് ഏർപ്പെടുത്തി. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, അറ്റൻഡർമാർ, ക്ലീനിംഗ്സ്റ്റാഫ്, സെക്യൂരിറ്റി തുടങ്ങി എല്ലാ ജീവനക്കാർക്കും ഒരു ലക്ഷം രൂപയുടെ വീതം പോളിസി കവറേജ് ആണ് നല്കിയിരിക്കുന്നത്. പോളിസിരേഖകൾ നല്കിക്കൊണ്ട് പാലാരൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പോളിസിവിതരണം ഉദ്ഘാടനം ചെയ്തു.

**2. സ്വാതന്ത്ര്യദിനാഘോഷം**

ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ ദേശീയപതാക ഉയർത്തി. നല്ല സേവനം കാഴ്ചവച്ച സെക്യൂരിറ്റി ജീവനക്കാരെ പ്രസ്തുത ചടങ്ങിൽ ആദരിച്ചു.

**3. അന്താരാഷ്ട്ര മുലയൂട്ടൽ വാരം**

അന്താരാഷ്ട്ര മുലയൂട്ടൽ വാരത്തോടനുബന്ധിച്ച് മാർസ്ലീവാ മെഡിസിറ്റി പാലായിൽ ആഗസ്റ്റ് 1 മുതൽ 7 വരെ ആശുപത്രിയിലെ നിയോനറ്റോളജിവിഭാഗത്തിന്റെ നേതൃത്വത്തിൽ മുലയൂട്ടലിന്റെ ആവശ്യകതയെപ്പറ്റി അവബോധക്ലാസുകൾ സംഘടിപ്പിച്ചു.

**4. ഗിഫ്റ്റ്ഷോപ്പ് ഉദ്ഘാടനം**

ആശുപത്രിയിലെ ഗിഫ്റ്റ്ഷോപ്പിന്റെ ഉദ്ഘാടനം ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ നിർവ്വഹിച്ചു. ആശുപത്രിയിൽ അഡ്മിറ്റാകുന്നവർക്ക് ആവശ്യമായ എല്ലാ സാധനങ്ങളും ഗിഫ്റ്റ് ഷോപ്പിൽ ലഭ്യമാണ്.

**5. പുതിയ ഡോക്ടർമാർ**

Dr. Vijay Radhakrishnan (Senior Consultant, Urology)
Dr. Philip George (Consultant, ENT & Head and Neck Surgery)
Dr. Shubhanshu Gupta (Consultant, Surgical Oncology)
Dr. Nazneen Ameer (Consultant, Radiation Oncology)
Dr. Jagan Jose (Registrar, Aneasthesiology& Perioperative Medicine)

**മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ**
(എക്സിക്യൂട്ടീവ് ഡയറക്ടർ, മാർസ്ലീവാ മെഡിസിറ്റി, പാലാ)




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. പുതിയ സേവനരംഗത്തേക്കു സ്വാഗതം**

പാലാ രൂപതയുടെ വികാരി ജനറാൾ ആയി ദീർഘനാൾ സേവനമനുഷ്ഠിച്ചശേഷം കരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ മാനേജരായിരുന്ന ബഹുമാനപ്പെട്ട ഫാ. ജോസഫ് കുഴിഞ്ഞാലിൽ പാലാരൂപതാ മ്യൂസിയം ഡയറക്ടറായി വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലേക്ക് ഓഗസ്റ്റ് 15 ന് സ്ഥലം മാറി വന്നു. അച്ചന് പുതിയ സേവനരംഗത്തേക്കു സ്വാഗതം.

**2. സ്വർഗ്ഗാരോപണത്തിരുനാളിനൊരുക്കമായി ആരാധന**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനൊരുക്കമായി ഓഗസ്റ്റ് 8 മുതൽ 15 വരെ ഭരണങ്ങാനം ഫൊറോനപള്ളി അസി. വികാരി റവ. ഫാ. എബ്രാഹം തകിടിയേൽ പ്രത്യേക ആരാധനയും ജപമാലയും നടത്തി.

3. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ റവ. ഫാ. കുര്യൻ പോളക്കാട്ട്, അൽഫോൻസാമ്മയുടെ ജന്മദിനത്തോടനുബന്ധിച്ച് മാസ്റ്റർ അൽഫോൻസ് ജോസ് തയ്യിൽ എന്നിവർ നടത്തിയ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്തു.

4. ഓഗസ്റ്റ് 19 ന് രാവിലെ 11 മണിക്ക് പാലാരൂപതയിലെ സന്ന്യാസാർത്ഥിനികൾക്കായി റവ ഫാ. എമ്മാനുവേൽ പാറേക്കാട്ടിൽ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വിവിധ കോൺഗ്രിഗേഷനുകളിൽനിന്നായി എഴുപതോളം അർത്ഥിനികൾ പങ്കെടുത്തു.

5. അൽഫോൻസാമ്മയുടെ ജന്മദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി വിശുദ്ധ കുർബാനയും പ്രത്യേക പ്രാർത്ഥനശുശ്രൂഷയും നടത്തി (ഓൺലൈനായി). വൈകുന്നേരം 6 ന് റവ. ഫാ. ജോസ് വള്ളോംപുരയിടത്തിൽ വി. കുർബാന

അർപ്പിച്ചു. ഭരണങ്ങാനം എഫ്.സി. കോൺവെന്റിലെ സി. ലിന്റാ റോസ്, സി. സമാന്താ ലിസ്, സി. ആൻജോ എന്നിവർ ആരാധനയ്ക്കു നേതൃത്വം വഹിച്ചു.

6. ശനിയാഴ്ച വൈകുന്നേരം 6 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ആരാധനയ്ക്കും ജപമാലയ്ക്കും നേതൃത്വം നൽകിയവർ.

1/8/2020 – വി. കുർബാന. റവ. ഫാ. മാത്യു മതിലകത്ത്,
ആരാധന–ബ്രദർ ജോസഫ് അട്ടാംഗാട്ടിൽ

8/8/2020 – വി. കുർബാന. റവ. ഫാ. ജോസ് വള്ളോംപുരയിടത്തിൽ,
ആരാധന – ബ്രദർ മാത്യു കണിയാംപടിക്കൽ

15/8/2020 – വി. കുർബാന റവ. ഫാ. മാത്യു കുരിശുംമൂട്ടിൽ.
ആരാധന – റവ. ഫാ. എബ്രാഹം തകിടിയേൽ

22/8/2020 – വി. കുർബാന – റവ. ഫാ. ജോസ് കുറ്റിയാങ്കൽ.
ആരാധന – സി. ബീനാ ജോസ് എഫ്.സി.സി.

**7. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ 29–ന് നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. റവ. ഫാ. അഗസ്റ്റിൻ തെരുവത്ത് വചനസന്ദേശം നൽകി.

**8. വി. അൽഫോൻസാമ്മയുടെ സവിധത്തിൽ വി. കുർബാനകൾ അർപ്പിച്ചവർ**

റവ ഫാ. അരുൾ ഇലവുങ്കൽ (ഒ.എഫ്.എം. ക്യാപ്പ്) സൗദി മലയാളികൾക്കുവേണ്ടി വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ബലിയർപ്പിച്ചു. (31/7/2020)

റവ. ഫാ. എവുജിൻ മടിക്കാങ്കൽ (സി.ആർ.എം.) ബ്രദേഴ്സിനോടൊപ്പം ബലിയർപ്പിച്ചു. (6/8/2020 )

റവ. ഫാ. തോമസ് പേഴുംകാട്ടിൽ (5/8/2020)

റവ. ഫാ. ജോസഫ് കൂവള്ളൂർ (13/8/2020)

**9. വിമലഹൃദയപ്രതിഷ്ഠ**

മാതാവിന്റെ ജന്മദിനത്തിനുള്ള ഒരുക്കമായി റവ ഫാ. മാർട്ടിൻ കല്ലറയ്ക്കൽ നടത്തുന്ന 33 വിമലഹൃദയപ്രതിഷ്ഠ ഓഗസ്റ്റ് 7 മുതൽ സെപ്റ്റംബർ 15 വരെ സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുന്നു.

**10. അഭിവന്ദ്യ പിതാവിന്റെ സന്ദർശനം**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഓഗസ്റ്റ് 11 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും കോവിഡിന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ബഹു. വൈദികരുമായി സംസാരിച്ചു വിലയിരുത്തുകയും ചെയ്തു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. സ്കൂൾ മതബോധന ക്ലാസ്സുകൾ**

സ്കൂൾ മതബോധനം ഓൺലൈൻ ക്ലാസ്സുകളോടെ ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ക്ലാസ്സുകൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസിയുടെ പ്രത്യേക സഹകരണത്തോടെയാണ് ക്ലാസ്സുകൾ നടത്തുന്നത്. ഇതോടൊപ്പം സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകളും നൽകിവരുന്നു.

**2. പുസ്തകവിതരണം**

സ്കൂൾ മതബോധന-സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം വിശ്വാസപരിശീലനകേന്ദ്രംവഴി നടന്നുവരുന്നു.

**3. സ്കോളർഷിപ്പ് പരീക്ഷാഫലം**

സ്കൂൾ മതബോധന-സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിജയികളായവർക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

**4. ഓൺലൈൻ ക്യാറ്റകിസം ക്ലാസ്സുകൾ**

ഞായറാഴ്ചതോറുമുള്ള ഓൺലൈൻ ക്യാറ്റകിസം ക്ലാസ്സുകൾ പുരോഗമിക്കുന്നു. ഓരോ ക്ലാസ്സിലെയും പാഠപുസ്തകത്തിലെ ആദ്യത്തെ 4 അദ്ധ്യായങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകളാണ് ഇതിനോടകം പൂർത്തിയായിരിക്കുന്നത്.

**5. Sessional Examination**

പൂർത്തിയായ ഓൺലൈൻ ക്യാറ്റകിസം ക്ലാസ്സുകളെ അടിസ്ഥാനമാക്കി ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച രൂപതതലത്തിൽ സീസണൽ എക്സാമിനേഷൻ നടത്തി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. പ്രഥമ ദിവ്യകാരുണ്യ സ്വീകരണം - ഒരുക്കങ്ങൾ തുടങ്ങി.**

മന്നഗുടം ഇടവകയിലെ ആറ് കുട്ടികൾ വിശ്വാസപരിശീലനം നേടി പ്രഥമ ദിവ്യകാരുണ്യം സ്വീകരിക്കുവാൻ ഒരുങ്ങുന്നു. സി. ജാൻസി LAR , സി. സുനിത LAR എന്നിവരാണ് കുട്ടികളെയും ഒപ്പം അവരുടെ മാതാപിതാക്കളെയും ഒരുക്കുന്നത്. കൂദാശാനുഭവം, പ്രാർത്ഥനാനുഭവം എന്നിവ പരിശീലിപ്പിച്ചും വചനപഠനത്തിലൂടെയുമാണ് വന്ദ്യസഹോദരിമാർ ആ നല്ല ദൈവാനുഭവ ദിനത്തിനുവേണ്ടി ഇവരെ പരിശീലിപ്പിച്ച് ഒരുക്കുന്നത്.

**2. ജ്ഞാനസ്നാനവും പ്രഥമ ദിവ്യകാരുണ്യസ്വീകരണവും ഗൊല്ലപ്പള്ളിയിൽ**

ആഗസ്റ്റ് 5, 4 തീയതികൾ ഗൊല്ലപ്പള്ളി ഗുഡ് ഷെപ്പേർഡ് ഇടവകയ്ക്ക് അഭിമാനദിനങ്ങളായിരുന്നു. ഒന്നാംതീയതി ഇടവകയിൽനിന്ന് കുട്ടികളും

മുതിർന്നവരുമടക്കം അഞ്ചുപേർ മാമ്മോദീസാ സ്വീകരിച്ച് കത്തോലിക്കാ സഭയിൽ അംഗങ്ങളായി. ബഹു. ജോസഫ് പര്യാത്ത് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കൂദാശാനുഷ്ഠാനങ്ങളിൽ ഇടവകജനം ഭക്തിയോടെ പങ്കുചേർന്നു. ആഗസ്റ്റ് നാലാം തീയതി മിഷൻ കോർഡിനേറ്റർ ബഹു. ജോർജ്ജ് കാരാംവേലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പരി. കുർബാനയിൽ ഇടവകയിൽനിന്ന് കുട്ടികളും മുതിർന്നവരുമായ എട്ടു പേർ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തി. ഇടവക വികാരി ബഹു. ആന്റണി ജോർജ് വാഴയിൽ അച്ചന്റെ നേതൃത്വത്തിൽ എല്ലാ മുന്നൊരുക്കങ്ങളും ഭംഗിയായി നടന്നു. അർത്ഥികൾക്കാവശ്യമായ വിശ്വാസ പരിശീലനവും ഒരുക്കവും നൽകുവാൻ ബഹു. വാഴയിൽ അച്ചനോടൊപ്പം CMC, LAR മഠങ്ങളിലെ വന്ദ്യസഹോദരിമാരുടെ സേവനങ്ങളും സ്തുത്യർഹമായി.

**3. മുത്തിയമ്മയുടെ തിരുസ്വരൂപപ്രതിഷ്ഠ, ജണ്ടവെങ്കിട്ടപുരത്ത്**

ജണ്ടവെങ്കിട്ടപുരം ഇടവകയിൽ നിർമ്മാണം പൂർത്തിയായ മുത്തിയമ്മ ഗ്രോട്ടോയിൽ തിരുസ്വരൂപം പ്രതിഷ്ഠിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തന്റെ മിഷൻ സന്ദർശനവേളയിൽ വെഞ്ചരിച്ച ഗ്രോട്ടോയുടെ എല്ലാ അലങ്കാരപ്പണികളും പൂർത്തിയാക്കിയാണ് പ്രതിഷ്ഠാകർമ്മം നടത്തിയത്. ദൈവാലയത്തിൽ ആഘോഷപൂർവ്വകമായ പരി. കുർബാനയ്ക്കുശേഷം ഇടവകവികാരി ബഹു. ജോസഫ് പര്യാത്ത് അച്ചൻ പ്രതിഷ്ഠ നടത്തിയപ്പോൾ ഇടവകജനം മുഴുവൻ പ്രാർത്ഥനയോടെ അങ്കണത്തിൽ അണിനിരന്നു, ദൈവമാതൃസ്തുതികൾ പാടി. ബഹു. പര്യാത്ത് അച്ചന്റെ കഠിനപരിശ്രമവും മാർഗ്ഗ നിർദ്ദേശങ്ങളും CMC സമൂഹത്തിന്റെ സഹായസഹകരണങ്ങളുമാണ് ഈയൊരു സുവിശേഷ പ്രഘോഷണ പ്രവൃത്തിയെ വിജയത്തിലെത്തിച്ചത്.

**4. കോവിഡ് 19 സുരക്ഷയും ദൈവാലയ ശുശ്രൂഷാക്രമീകരണങ്ങളും**

നെന്നല മണ്ഡലത്തിൽ കൊറോണ വൈറസ് വ്യാപനം സംഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് അധികാരികളുടെ നിർദ്ദേശാനുസരണം കുറെ ദിവസങ്ങളിലേക്ക് പൊതുവായ പരി. കുർബാന അനുഷ്ഠാനം പുനഃക്രമീകരിച്ചിരിക്കുന്നു. കൊത്തഗുടം, നെന്നല, മന്നഗുടം, കർജി എന്നീ മിഷൻ കേന്ദ്രങ്ങളിൽ പരി. കുർബാനയിലെ ജനങ്ങളുടെ ഭാഗഭാഗിത്വം പരിമിതപ്പെടുത്തിയിരിക്കുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

---

# പാലാ മിഷൻ – ഗുജറാത്ത്

---

**1. തിരുനാൾ ആചരണങ്ങൾ**

**A)** നവരംഗ്പുരാ, സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ഇടവക മദ്ധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 23 മുതൽ ഓഗസ്റ്റ് 2 വരെയുള്ള ദിവസങ്ങളിൽ ആഘോഷിച്ചു. ആദ്യ ആറുദിവസങ്ങളിലെ നൊവേന കുടുംബങ്ങളിലും തുടർന്നുള്ള നാലു ദിവസത്തെ വി. കുർബാനയും പ്രാർത്ഥനകളും റീജിയണൽ ബിഷപ്സ് ഹൗസിലും നടത്തപ്പെട്ടു. ഓഗസ്റ്റ് 2, ഞായറാഴ്ച പ്രധാന തിരുനാൾദിനത്തിൽ ഫാ. പോൾ പാറപ്ലാക്കൽ

ആഘോഷമായ പരി.കുർബ്ബാന അർപ്പിച്ചു സന്ദേശം നല്കി. തുടർന്നു നടത്തപ്പെട്ട വെർചൽ ചെണ്ടമേളവും പ്രദക്ഷിണവും വേറിട്ട അനുഭവമായി. കൊറോണമൂലം സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച ചാരിറ്റി ഡ്രൈവിലൂടെ 105000/- രൂപ സമാഹരിക്കുവാനും അർഹരായ ആളുകൾക്ക് സഹായം എത്തിക്കുവാനും സാധിച്ചത് ഈ വർഷത്തെ തിരുനാൾ ആഘോഷങ്ങളെ കൂടുതൽ പ്രസക്തവും അർത്ഥവത്തും ദൈവാനുഗ്രഹ പ്രദവുമാക്കി.

B) മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ഇടവകമധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. തിരുനാൾ പ്രദക്ഷിണത്തിനും മറ്റു തിരുക്കർമ്മങ്ങൾക്കും വികാരി ഫാ. ടോം വടക്കേക്കര നേതൃത്വം നൽകി.

C) ആനന്ദ് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ഇടവക മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. വികാരി ഫാ. ജോർജ് നെല്ലിക്കൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

D) ബറോഡ സെന്റ് മേരീസ് ദൈവാലയത്തിൽ പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ ആഘോഷമായ പരി. കുർബായനയർപ്പിച്ച് സന്ദേശം നൽകി. വികാരി ഫാ. ജോബി പാലയ്ക്കാത്തടത്തിൽ MST തിരുനാൾ ആചരണത്തിനു നേതൃത്വം നല്കി.

E) അഹമ്മദാബാദ് സെന്റ് തോമസ് ദൈവാലയത്തിൽ പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. ജപമാലയ്ക്കും ആരാധനയ്ക്കും തുടർന്ന് വൈകിട്ട് 7:30 ന് ഫാ. മാത്യു വെങ്ങാലൂർ ആഘോഷമായ തിരുനാൾ കുർബാനയർപ്പിച്ചു. മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ സന്ദേശം നൽകി.

## 2. Faith Formation Programme

ആഴ്ചതോറും നടന്നുകൊണ്ടിരിക്കുന്ന വിശ്വാസപരിശീലന പരിപാടിയുടെ ഭാഗമായി, ഗുജറാത്ത് മേഖലയിലെ ദൈവശാസ്ത്ര പഠിതാക്കൾക്കു വേണ്ടി നവരംഗ്പുരാ, സെന്റ് അൽഫോൻസാ കുർബാന സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓൺലൈൻ ക്ലാസുകൾ റവ. ഡോ. തോമസ് വടക്കേൽ, റവ. ഡോ. ഡൊമിനിക് വെച്ചൂർ, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ തുടങ്ങിയ പ്രഗല്ഭരായ അദ്ധ്യാപകർ നയിക്കുന്നു.

## 3. URHA-2020

നവരംഗ്പുരാ, സെന്റ് അൽഫോൻസാ കുർബാന സെന്ററിന്റെ ആഭിമുഖ്യത്തിൽ ഉർഹ (മാർഗ്ഗം) ഓൺലൈൻ സുറിയാനി / റമ്പാൻ പാട്ടുമൽസരം ഗുജറാത്ത് മേഖലയിലെ വിവിധ ഇടവകകളുടെ പങ്കാളിത്തത്തോടുകൂടി ജൂലൈമാസത്തിൽ നടന്നു. വികാരി ഫാ. മാത്യു വെങ്ങാലൂർ, കോർഡിനേറ്റർ മാരായ ശ്രീ ബിജു തോമസ്, ശ്രീ എം.വി. ആന്റണി എന്നിവർ മത്സരത്തിനു

നേതൃത്വം നൽകി. ഗുജറാത്ത് റീജിയന്റെ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ ജൂലൈ 26 ന് വിജയികളെ പ്രഖ്യാപിക്കുകയും ആകർഷകമായ ക്യാഷ് പ്രൈസുകൾ വിതരണം ചെയ്യുകയും ചെയ്തു.

## 4. ABCD 2k20

നവരംഗ്പുരാ, സെന്റ് അൽഫോൻസാ സാന്തോം യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 12-ാം തീയതി ഗുജറാത്ത് റീജിയനിലെ സൺഡേ സ്കൂൾ കുട്ടികൾക്കുവേണ്ടി ആകർഷകമായ ക്യാഷ് അവാർഡുകളുള്ള ABCD 2k20 ഡ്രോയിംഗ് മത്സരം സംഘടിപ്പിച്ചു. വികാരി. ഫാ. മാത്യു വെങ്ങാലൂരിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പരിപാടിക്കു നേതൃത്വം നൽകി.

### 5. വൈദികരുടെ മാസധ്യാനം

ഓഗസ്റ്റ് 14 വെള്ളിയാഴ്ച രാവിലെ 10:30-ന് വൈദികരുടെ മാസധ്യാനം zoom app വഴി നടത്തപ്പെട്ടു. ബിഷപ് മാർ റാഫേൽ തട്ടിൽ ധ്യാനചിന്തകൾ വൈദികരുമായി പങ്കുവച്ചു. തുടർന്ന് രൂപതയിലെ വിവിധ റീജണൽ മിഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ അതാത് റീജണിന്റെ ചാർജ്ജുള്ള വൈദികർ പങ്കുവച്ചു. യോഗം പ്രവർത്തനങ്ങൾ വിലയിരുത്തുകയും അനുയോജ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

### 6. രൂപതാ പാസ്റ്ററൽ കൗൺസിൽ

ആഗസ്റ്റ് 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:30 ന് ഷംഷാബാദ് രൂപതാ പാസ്റ്ററൽ കൗൺസിൽ നടത്തപ്പെട്ടു. ഗുജറാത്ത് റീജണിലെ എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും അതിൽ സംബന്ധിച്ചു.

## 7. Sancta Maria

മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ പരി. ദൈവ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് ഇടവകാംഗങ്ങളുടെ വിവിധ കലാപരിപാടികൾ സംയോജിപ്പിച്ച് Sancta Maria എന്ന പേരിൽ ഒരു വീഡിയോ ആൽബം പുറത്തിറക്കി. വികാരി ഫാ. ടോം വടക്കേക്കര പ്രസ്തുത പ്രോഗ്രാമിനു നേതൃത്വം നൽകി.

### 8. അൾത്താരബാലന്മാരെ ആദരിച്ചു.

മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ആചരണത്തോടനുബന്ധിച്ച് അൾത്താര ശുശ്രൂഷകരെ സമ്മാനങ്ങൾ നൽകി ആദരിച്ചു.

### 9. ഏകദിനധ്യാനം

മണിനഗർ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദൈവാലയത്തിൽ ഇടവകാംഗങ്ങൾക്കായി ഓൺലൈനായി ഏകദിനധ്യാനം നടത്തപ്പെട്ടു. വികാരി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ നേതൃത്വം നൽകി.

**10.** ഭാവനഗർ CMI പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ട ഗുജറാത്ത് റീജണിലെ സിൽവാസ ഇടവകവികാരിയും പാലാ രൂപതാ കളത്തൂർ ഇടവകാംഗവുമായ ഫാ. റെജിമോൻ കല്ലേമുള്ളിൽ CMI ക്ക് ആമോദ് ദിവ്യമാതാ സെന്ററിൽ വച്ച് വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിലിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

**11.** കോവിഡ് 19 ബാധയെ അതിജീവിച്ച സൂറത്ത് ഇടവകയിലെ വൈദികരായ ഫാ. ജോജോ MCBS, ഫാ. അരുൺ MCBS എന്നിവർ തങ്ങളുടെ അനുഭവങ്ങൾ മാസധ്യാനത്തിൽ പങ്കുവച്ചു.

**12.** ഷംഷാബാദ് രൂപതാംഗങ്ങളായ നഴ്സുമാരുടെ സമ്മേളനം ജൂലൈ 26-ാം തീയതി ഓൺലൈനായി നടത്തപ്പെട്ടു. ഗുജറാത്ത് റീജിയണിൽനിന്നുള്ള ഭൂരിഭാഗം നഴ്സുമാരും പ്രസ്തുത സമ്മേളനത്തിൽ പങ്കടുത്തു.

**13. അഹമ്മദാബാദ് സെന്റ് തോമസ് പള്ളിനിർമ്മാണ ഫണ്ടിലേക്ക് ഉദാരമായി സംഭാവന നല്കിയവർ:**

1. Provincial Superior F.C.C, Bharanganam - 500000
2. Provincial Superior SABS, Pala - 500000
3. Provincial Superior S.H, Pala - 300000
4. Chairman, SJCET, Pala - 200000 (1st)
5. Provincial Superior CMC, Pala - 100000(1st)
6. Vicar St Augustine Forane Church, Kadanad - 100000
7. Mr. Sebastian, Brilliant Study Center, Pala - 100000
8. Vicar, St Joseph Church, Thidanadu - 75000
9. Dr. Gracykuty, Kottayam - 70000
10. A Special Benefactor - 50000
11. An initial contribution - 10000

സംഭാവന നല്കിയ എല്ലാവർക്കും ഏറെ സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

**ബഹു. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. പാലാ സമരിറ്റൻ ഫോഴ്സിന് ട്രെയിനിംഗ് നൽകി**

ആഗസ്റ്റ് 1-ാം തീയതി ബിഷപ്സ് ഹൗസിൽ വച്ച് പാലാ സമരിറ്റൻ കോവിഡ് - 19 ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് ഗവൺമെന്റ് പരിശീലകരായ നഴ്സുമാർ ശ്രീമതി ഡിനു പി. ജോയിയും ശ്രീമതി സിന്ധുവും ചേർന്ന് വിദഗ്ദ്ധ പരിശീലനം നൽകി. വൈദികർക്കും അല്മായ പ്രതിനിധികൾക്കുമായി രണ്ടു വിഭാഗങ്ങളിലായി നടത്തിയ പരിശീലനത്തിൽ അൻപതോളംപേർ പങ്കെടുത്തു.

ക്ലാസിന്റെ ഔദ്യോഗിക ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ, മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് തടത്തിൽ തുടങ്ങിയവർ ക്ലാസുകളിൽ സംബന്ധിച്ചു.

**2. ആഗസ്റ്റ് 3 ന് കോവിഡ് മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം**

പാലാ സമരിറ്റൻ ഫോഴ്സിലെ ടീമംഗങ്ങൾ മൃതസംസ്കാരശുശ്രൂഷയ്ക്കായി നേടിയ ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കളത്തൂർ ഇടവകയിൽ മൃതസംസ്കാരശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ മുഖ്യകാർമ്മികനും എസ്.എം.വൈ.എം. രൂപതാ ഡയറക്ടറും സമരിറ്റൻ ഫോഴ്സിന്റെ ചീഫ് കോർഡിനേറ്ററുമായ ഫാ. തോമസ് സിറിൽ തയ്യിൽ, റവ.ഫാ. ജോസഫ് കുറുമുട്ടത്ത്, റവ. ഫാ. ജോസഫ് താന്നിക്കാപ്പാറ എന്നിവർ സഹകാർമ്മികരായി.

**3. EWS വിഷയത്തിൽ മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.**

ഇ.ഡബ്ല്യു.എസ്. സംവരണം ക്രൈസ്തവർക്കും മറ്റ് ഇതരസമുദായങ്ങൾക്കും ഉപകാരപ്പെടുന്ന പ്ലസ് വൺ, പാരാമെഡിക്കൽ, നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്കു പ്രവേശനത്തിന് സംവരണം അനുദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യമന്ത്രിക്കയച്ചു. കോർപ്പറേറ്റ് മാനേജർ വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ തുടങ്ങിയവർ നിവേദനം തയ്യാറാക്കാൻ സഹായിച്ചു.

**4. രക്തദാനം നടത്തി**

ആഗസ്റ്റ് 6-ന് എസ്.എം.വൈ.എം. അംഗങ്ങൾ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ രക്തദാനം നടത്തി. പാലാ ളാലം പുത്തൻപള്ളി യൂണിറ്റിലെ ജോസുകുട്ടി കെ.ആർ., കുടക്കച്ചിറ യൂണിറ്റിലെ ആൽവിൻ സെബാസ്റ്റ്യൻ, ജോമി ജോഷി, പൂഞ്ഞാർ യൂണിറ്റിലെ ക്രിസ്റ്റഫർ ജോൺ, മിലൻ ജോൺസ്, ചേറ്റുതോട് യൂണിറ്റിലെ ജോസെൻ ജോസഫ് എന്നിവർ രക്തദാനം ചെയ്തു.

**5. ചെല്ലാനം കടൽക്ഷോഭം: ദുരിതാശ്വാസസഹായം എത്തിച്ചുകൊടുത്തു.**

കൊച്ചി-ആലപ്പുഴ രൂപതകളിലായി വ്യാപിച്ചുകിടക്കുന്ന, കടലാക്രമണംമൂലം രൂക്ഷമായ പ്രദേശങ്ങളിലെ ദുരിതമനുഭവിക്കുന്നവർക്ക് പാലാ രൂപത എസ്.എം.വൈ.എം. സഹായക്കിറ്റുകൾ എത്തിച്ചുനൽകി. വിവിധ യൂണിറ്റുകളിൽനിന്ന് കിറ്റുകളും മറ്റു സാമ്പത്തികസഹായങ്ങളും ലഭിച്ചു. കൂടാതെ, പല പ്രദേശത്തുള്ള നിരവധി മഠങ്ങളിൽനിന്നും സഹായം ലഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഫ്ളാഗ് ഓഫ് കർമ്മം നിർവഹിച്ചു. മോൺ. ജോസഫ് മലേപ്പറമ്പിൽ, എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്. തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**6. Justice for M³ ക്യാമ്പയിന് മാർ ജേക്കബ് മുരിക്കൻ തുടക്കം കുറിച്ചു.**

ആഗസ്റ്റ് 15, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവാർഷികത്തിൽ, പാക്കിസ്ഥാനിൽ ബലമായി തട്ടിക്കൊണ്ടുപോയി മതം മാറ്റി വിവാഹം കഴിച്ച 14 വയസ്സുള്ള ക്രിസ്ത്യൻ പെൺകുട്ടി മരിയ ഷഹബാസിനു നീതി നിഷേധിച്ച കോടതിവിധിക്കെതിരേ ഐക്യരാഷ്ട്രസഭയും വത്തിക്കാനും ഇടപെടണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഓൺലൈൻ ക്യാമ്പയിന് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ വെബ്സൈറ്റ് ലോഞ്ച് ചെയ്തു ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തോമസ് തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്., ആനിമേറ്റർ സിസ്റ്റർ സി. ബ്ലെസി ഡി.എസ്.റ്റി., പ്രസിഡന്റ് ബിബിൻ, ജനറൽ സെക്രട്ടറി മിജോയിൻ, റീജന്റ് ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, ട്രഷറർ മിന്നു, എക്സിക്യൂട്ടീവ് അംഗം കെവിൻ, ആൽവിൻ, വിന്നി, ജെയിക് തുടങ്ങിയവർ സംബന്ധിച്ചു. മീറ്റിംഗിനുശേഷം ഈ നിയോഗം സമർപ്പിച്ചുകൊണ്ട് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഫാ. തോമസ് സിറിൽ തയ്യിലിന്റെ കാർമ്മികത്വത്തിൽ പരി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

**7. പിറന്നാൾ ആഘോഷവും എക്സിക്യൂട്ടീവ് മീറ്റിംഗും ഡയറക്ടറി പ്രകാശനവും**

എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിലിന്റെ ജന്മദിനാഘോഷവും അതിനുശേഷം എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി. ഡയറക്ടർ റവ.സി. ജോസ്മിത എസ്.എം.എസ്., ആനിമേറ്റർ സിസ്റ്റർമാരായ റവ.സി. മേരിലിറ്റ് എഫ്.സി.സി., റവ.സി. ദീപ്തി എസ്.എച്ച്., റവ.സി. ബ്ലെസി ഡി.എസ്.റ്റി തുടങ്ങിയവരും എക്സിക്യൂട്ടീവ് അംഗങ്ങളും സംബന്ധിച്ചു. എസ്.എം.വൈ.എം. ഡയറക്ടറിയുടെ പ്രകാശനം ഫാ. തോമസ് സിറിൽ തയ്യിലും രൂപതാ സമിതി സംയുക്തമായി നിർവഹിച്ചു.

**8. കർഷകവർഷത്തിൽ യുവകർഷക പ്രോത്സാഹനം – റബർ ടാപ്പിങ് പരിശീലന ക്യാമ്പ് ആരംഭിച്ചു.**

പാലാ രൂപത കർഷകവർഷത്തോടനുബന്ധിച്ച് യുവജനങ്ങൾക്കായി റബർ ടാപ്പിങ് പരിശീലനത്തിൽ പത്തു പേരടങ്ങുന്ന ടീമുകൾക്ക് റബർ ബോർഡ് ഓഫീസിൽനിന്നും വിദഗ്ദ്ധർ എത്തി പരിശീലനം നൽകിത്തുടങ്ങി. കോവിഡ്–19 പ്രോട്ടോകോൾ പൂർണ്ണമായും പാലിച്ചുകൊണ്ട് എട്ടു ദിവസത്തെ ട്രെയിനിങ് പ്രോഗ്രാമാണ് നടത്തുന്നത്. ആദ്യത്തെ ബാച്ചിന്റെ പരിശീലനത്തിന് ആഗസ്റ്റ് 24 ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു.

**കെ.സി.വൈ.എം. സംസ്ഥാന ഭാരവാഹികൾ രൂപതാ ഓഫീസ് സന്ദർശിച്ചു.**

ആഗസ്റ്റ്–12 ന് കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ പി. ബാബു (മൂവാറ്റുപുഴ), ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി ചക്കാലയ്ക്കൽ (കൊച്ചി രൂപതാ), വൈസ് പ്രസിഡന്റ് ശ്രീ ജെയ്സൺ തെക്കേടത്ത് (ഇരിങ്ങാലക്കുട), സെക്രട്ടറി ശ്രീ അനൂപ് പുന്നപ്പുഴ (തൃശൂർ അതിരൂപത) എന്നിവരാണ് സന്ദർശനം

നടത്തിയത്. രൂപതാ ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, റീജന്റ് ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, ശ്രീ. ആൽവിൻ മാത്യു, തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**രൂപതാ നേതൃത്വം എല്ലാ ഇടവകകളും സന്ദർശിക്കുന്നു.**

എസ്.എം.വൈ.എം.-കെ.സി.വൈ.എം. രൂപതാ ഡയറക്ടറിയുടെ വിതരണവും യൂത്ത് മിനിസ്ട്രിയുടെ വിലയിരുത്തലും ലക്ഷ്യം വച്ച് 17 ഫൊറോനകളിലെയും എല്ലാ ഇടവകകളും, സന്ന്യാസഭവനങ്ങളും രൂപതാ ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിച്ചു വരുന്നു. ആഗസ്റ്റ് 24, 28 തീയതികളിൽ കുറവിലങ്ങാട് ഫൊറോനയും 29-ാം തീയതികളിലായി ചേർപ്പുങ്കൽ ഫൊറോനയും, 31-ാം തീയതി ഭരണങ്ങാനം ഫൊറോനയും സന്ദർശിച്ചു.

**കെ.സി.വൈ.എം. സംസ്ഥാന അർദ്ധവാർഷിക സെനറ്റ് ഓൺലൈനായി നടത്തി.**

ആഗസ്റ്റ് 30 ഞായറാഴ്ച 10 എ.എം. മുതൽ 3 പി.എം. വരെ അർദ്ധവാർഷിക സെനറ്റ് നടന്നു. ജനറൽ സെക്രട്ടറി മിജോയിൻ വലിയകാപ്പിൽ റിപ്പോർട്ടു വിഡിയോ പ്രസന്റേഷനായി അവതരിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ.എം.എസ്., പ്രസിഡന്റ് ബിബിൻ ചാമക്കാല, ജ.സെക്രട്ടറി ജോമിൻ വലിയകാലാലിൽ, ശ്രീ. ആന്റോ പാമ്പാടൻ, റീജന്റ് ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, ആൽവിൻ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

***പ്രത്യേകം ശ്രദ്ധിക്കുക***

**1.** എല്ലാ ഇടവകകളിലും എ, ബി യൂണിറ്റുകളിൽ ഉണ്ടെന്നും പൊതുമിറ്റിംഗും എക്സിക്യൂട്ടീവ് + ആക്ടിവിറ്റീസും സംബന്ധിച്ചു. ഡയറക്ടറിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതാത് സമയങ്ങളിൽ ഭാരവാഹികൾ വഴി നിർദ്ദേശങ്ങൾ നടത്തുന്നുണ്ട്.

**2. എസ്.എം.വൈ.എം. അംഗങ്ങൾക്ക് ഐ.ഡി. കാർഡ്**

ഈ വർഷത്തെ ഐ.ഡി. കാർഡുകൾ ഓഫീസിൽനിന്ന് വാങ്ങിയെന്ന് ഭാരവാഹികൾ ഉറപ്പാക്കുക. ആവശ്യസമയത്ത് ഐ.ഡി. കാർഡുകൾ രേഖയായി കാണിക്കേണ്ടതാണ്.

**3. എല്ലാ യുവതീയുവാക്കളും സഭയുമായി ബന്ധത്തിലായിരിക്കുവാനുള്ള പരിശ്രമം**

വിദേശത്തുള്ളവർ ഉൾപ്പെടെ 15 മുതൽ 30 വയസ്സുവരെയുള്ള എല്ലാ യുവതീയുവാക്കളുടെയും വിവരങ്ങൾ ശേഖരിക്കുന്നു. ഓരോ ബാച്ചിനുമായി വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. സൺഡേ സ്കൂൾ ബാച്ച്വൈസിൽ പേരുവിവരങ്ങൾ ശേഖരിച്ച് കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. എല്ലാ യുവാക്കളെയും അതാത് ഗ്രൂപ്പുകളിൽ ചേർക്കുന്നത് സഭയുമായി ബന്ധത്തിലായിരിക്കാൻ നല്ലതാണ്.

**3.** ഫൊറോന, ഇടവകതലങ്ങളിൽ ലേ-ആനിമേറ്റേഴ്സിനെ ബഹു. ഡയറക്ടറച്ചന്മാർ നിയമിക്കുക. യുവാക്കൾക്ക് 30 വയസ്സ് കഴിഞ്ഞ ആനിമേറ്ററെയും യുവതികൾക്ക് 30 വയസ്സുകഴിഞ്ഞ ലേഡി ആനിമേറ്ററെയും നിയമിക്കുന്നത് ഉചിതമാ

ണ്. ആനിമേറ്റർ സിസ്റ്റേഴ്സിന്, യുവതികളുടെ ഉത്തരവാദിത്വം കൂടുതലായി നൽകുന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**4. 2020-ലെ ബർത്ത്ഡേ ആഘോഷങ്ങൾ (കർഷകവർഷം)**

ഈ വർഷം ബർത്ത്ഡേ ആഘോഷം ഇപ്രകാരം ക്രമീകരിക്കാൻ ശ്രദ്ധിക്കുക. എസ്.എം.വൈ.എം. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെക്കൊണ്ട് വൃക്ഷത്തൈകൾ നടീക്കണം. കുറഞ്ഞപക്ഷം യൂണിറ്റ് മീറ്റിംഗിൽ വൃക്ഷത്തൈകൾ കൊടുത്തുവിടുകയെങ്കിലും വേണം. കാർഷികസംസ്കാരം വളർത്തുവാനുള്ള കർമ്മപരിപാടിയാണിത്.

**5.** യൂണിറ്റുകളിൽ ആനുകാലികവിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുക്കാൻ ടീമുകൾ തയാറാണ്.

**6. ഫെയ്ത്ത് ഫോർമേഷൻ ഫോളോഅപ് പ്രോഗ്രാം**

യുവാക്കൾക്ക് വിശ്വാസപരിശീലനത്തുടർച്ച എസ്.എം.വൈ.എം. നടത്തിവരുന്നു. സഭ, ബൈബിൾ, കൂദാശ സംബന്ധമായ സംശയങ്ങൾക്ക് ഉത്തരം, സുറിയാനി ആത്മീയത, ദൈവശാസ്ത്രം, അച്ചടക്കം, ആരാധനക്രമം എന്നിവയാണ് പ്രധാന പ്രമേയങ്ങൾ. 15 വയസ്സു മുതലുള്ള യുവാക്കളെ പ്രോഗ്രാമിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. മുതിർന്നവരും ക്ലാസ്സുകളിൽ പങ്കെടുക്കാൻ വരാറുണ്ട്. രണ്ടാം ശനിയാഴ്ചകളിൽ എസ്.എം.എസ്. ജനറലേറ്റ്, പാലായിലും മൂന്നാം ശനിയാഴ്ചകളിൽ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, ചേർപ്പുങ്കൽ- കുമ്മണ്ണൂരിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. സമയം 2.30 pm -5.00 pm. (ലോക്ഡൗണിനുശേഷം തുടരുന്നതാണ്.)

**7. ബ്ലഡ് ഫോറം**

ബ്ലഡ് ഫോറം പുതുക്കിക്കൊണ്ടിരിക്കുന്നു. യുവാക്കളെ ചേർക്കാൻ പ്രേരിപ്പിക്കുകയും ലിസ്റ്റ് എത്രയും വേഗം രൂപത ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഗൂഗിൾ ഫോം തയ്യാറായിരിക്കുന്നു. യുവാക്കളെ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കും.

**8. അവയവദാനം**

രൂപത സമിതി നടത്തിയ അവയവദാനസമ്മതം യൂണിറ്റുകളിലേക്കു വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. സന്നദ്ധരായവർ രൂപത ഓഫീസുമായി ബന്ധപ്പെടുക

**9. വിവിധ ഫോറങ്ങളുടെ രൂപീകരണം**

കൃഷി, ഉദ്യോഗം, വിവിധ രാജ്യങ്ങളിലുള്ള പ്രവാസം, പൗരാണികത്വം, വിദ്യാഭ്യാസം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവിധ ഫോറങ്ങൾ + വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. സാധിക്കുന്നതുപോലെ ഇക്കാര്യങ്ങൾ യുവജനങ്ങളെ അറിയിച്ച് ശ്രദ്ധയിൽപ്പെടുത്തുമല്ലോ.

**10. 2020 ഡയറക്ടറി (മിഷൻ ഇയർ കെ.സി.ബി.സി. + കർഷകവർഷം പാലാ രൂപത) രൂപത @ 70**

ഈ വർഷത്തെ കർമ്മരേഖ പ്രസിദ്ധീകരിച്ചു. ഇടവകകളിലെ വികാരിയച്ചൻ, കൊച്ചച്ചൻ, ആനിമേറ്റർ, സിസ്റ്റേഴ്സ്, ലേ ആനിമേറ്റേഴ്സ്, പ്രസി

ഡന്റുമാർ തുടങ്ങിയവർ കോപ്പി ലഭിച്ചു എന്ന് ഉറപ്പാക്കുക. യൂണിറ്റ്-ഫൊറോനാ -രൂപത തല പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി രൂപത പ്രസിദ്ധീകരിക്കുന്ന കർമ്മരേഖയിൽ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**11. യൂണിറ്റ്, ഫൊറോന സന്ദർശനങ്ങൾ**

വിവിധ യുവജന-സാമുദായിക-സാമൂഹികവിഷയങ്ങളും പരിഹാര ങ്ങളും എന്ന ലക്ഷ്യം മുൻനിർത്തി രൂപതാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ വിവിധ ഘടകങ്ങൾ വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കാനും സംവദിക്കാനും ആഗ്രഹിക്കുന്നു. അവരവർക്കു സൗകര്യപ്രദ മായ സമയം ക്രമീകരിക്കുമല്ലോ. വിവിധ ക്ലാസുകൾ നയിക്കുന്നതിന് റിസോഴ്സ് പേഴ്സൺസ് ലഭ്യമാണ്.

**എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതാ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.**

കോവിഡ് -19 സമൂഹവ്യാപനം, വെള്ളപ്പൊക്കംപോലുള്ള പ്രകൃതിദുരന്ത ങ്ങൾ എന്നിവ ഉണ്ടായാൽ സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സേനയെ രൂപീകരിക്കുന്നതിനാണിത്. കെ.സി.ബി.സി. ഹെൽത്ത് കമ്മീഷനും അമല ഹോസ്പിറ്റലും സംയുക്തമായി ചേർന്ന് ടാസ്ക്ഫോഴ്സ് രൂപീകരിച്ചു. 50 വീടു കൾക്ക് ഒരാൾവീതം പേര് രജിസ്റ്റർ ചെയ്യാനായി രൂപതാ എക്സിക്യൂട്ടീവിന്റെ പക്കൽ ഇനിയും സന്നദ്ധരായവരുടെ പേരുകൾ നൽകാവുന്നതാണ്. ജൂലൈ കെ. സി.വൈ.എം. ന്റെ ആദ്യഘട്ട ട്രെയിനിംഗ് നടന്നു. ആഗസ്റ്റ് 1-ന് പാലായിൽ പാലാ സമരിറ്റൻസ് ട്രെയിനിംഗ് നടന്നു. കെ.സി.വൈ.എം. ന്റെ ആദ്യഘട്ട ട്രെയിനിംഗ് നടന്നു. ഓഗസ്റ്റ് 1-ന് പാലായിൽ പാലാ സമരിറ്റൻസ് ട്രെയിനിംഗ് നടന്നു.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. ഹൗസ്ഹോൾഡ് - സൂം സമ്മേളനം**

ജീസസ് യൂത്തിന്റെ പ്രമുഖ മാസക്കൂട്ടായ്മയായ ഹൗസ്ഹോൾഡ് സമ്മേളനങ്ങൾ ശക്തിപ്പെടുത്താൻ ജീസസ് യൂത്ത് കൗൺസിലിന്റെ ആഭിമുഖ്യ ത്തിൽ മീറ്റിംഗ് നടത്തി. ഓഗസ്റ്റ് മാസം ഹൗസ്ഹോൾഡ് മാസമായി പ്രഖ്യാപി ക്കുകയും ചെയ്തു. ഫാ. കുര്യൻ മറ്റം അദ്ധ്യക്ഷത വഹിച്ചു. ജോസ് മാത്യു, ബിലാസ്, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം നൽകി. 130-ലധികം പേർ പങ്കെടുത്തു.

**2. ചൂണ്ടച്ചേരി - കോർ ടീം**

ചുണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിലെ പുതിയ കോർ ടീമിനെ ഓഗസ്റ്റ് 14-ന് തിരഞ്ഞെടുത്തു. റിച്ചു ജോയി കോർഡിനേറ്ററായും മെലിസാ എലി സബത്ത് ജോബ് അസി. കോർഡിനേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**3. ഹൗസ്ഹോൾഡ് സമ്മേളനങ്ങൾ**

പാലാ, അരുവിത്തുറ, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടം എന്നീ മേഖല കൾ കേന്ദ്രീകരിച്ച് ജീസസ് യൂത്തുകാർ ഓൺലൈനായി ഒന്നിച്ചുകൂടുകയും

ഹൗസ്ഹോൾഡ് കൂട്ടായ്മകൾ നടത്തുകയും ചെയ്തു.

**4. മാതാവിന്റെ തിരുനാൾ ഒരുക്കം**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനു മുന്നോടിയായി ഓഗസ്റ്റ് 1 മുതൽ 15 വരെ യുവജനങ്ങൾ ഒന്നിച്ചുകൂടുകയും ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**5. ഡാനിയേൽ ഫാസ്റ്റ്**

ഫാ. റോയി പാലാട്ടി നയിച്ച 21 ദിവസത്തെ ഉപവാസപ്രാർത്ഥന (ഡാനിയേൽ ഫാസ്റ്റ്)യിൽ ധാരാളം ജീസസ് യൂത്ത് പ്രവർത്തകർ ഫാ. കുര്യൻ മറ്റത്തോടൊപ്പം 21 ദിവസം നോമ്പെടുത്തു പ്രാർത്ഥിച്ചു.

**6. ഓഗസ്റ്റ് 15 ആചരണം**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ പ്രാർത്ഥനാദിനമായി ആചരിച്ചു. ഓഗസ്റ്റ് 15-ന് വൈകിട്ട് ഫാ. ജോബിൻ തയ്യിൽ സി.എം.ഐ. മാതാവിനെക്കുറിച്ചുള്ള ക്ലാസ് നയിച്ചു.

**7. മിഷൻദിനം**

ഓഗസ്റ്റ് 7 ന് മിഷനുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിച്ചു. ഓൺലൈൻ ആരാധനയും നടത്തി.

**8. മിനിസ്ട്രി കൂട്ടായ്മ**

ജീസസ് യൂത്തിലെ വിവിധ മിനിസ്ട്രികളുടെ കൂട്ടായ്മ ഓഗസ്റ്റ് 10-ന് നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റം, ഷെറി എബ്രാഹം, ക്ലിജോ കണിയാംപടി, ബിലാസ് ജോസഫ്, മാത്യു എം. കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

**9. ഭക്ഷണക്കിറ്റുകൾ**

തിരുവനന്തപുരത്ത് തീരപ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്യുവാനായി പണം സമാഹരിക്കുകയും തിരുവനന്തപുരം സോണിനു കൈമാറുകയും ചെയ്തു.

**10. സോണൽ കൗൺസിൽ**

ഓഗസ്റ്റ് 16 ന് ക്ലിജോ കണിയാംപടിയുടെ നേതൃത്വത്തിൽ സോണൽ കൗൺസിൽ സമ്മേളനം നടന്നു. ഫാ. കുര്യൻ മറ്റം, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം നൽകി.

**11. പ്രോലൈഫ് വെബിനാർ**

ഓഗസ്റ്റ് 23-ന് പ്രോലൈഫ് വെബിനാർ നടത്തപ്പെട്ടു. ആലീസ് മാത്യു ക്ലാസുകൾ നയിച്ചു.

**12. ഫാമിലിയാ - 20**

കുടുംബജീവിതത്തിൽപെട്ടവർക്കുവേണ്ടിയുള്ള 'ഫാമിലിയാ-20' വെബിനാർ ഓഗസ്റ്റ് 30-ന് ആരംഭിക്കുന്നു. അഞ്ചു ഞായറാഴ്ചകളിലായി നടത്തുന്ന പ്രോഗ്രാം ബിഷപ് മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്യും. ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. ഡൊമനിക് വെച്ചൂർ, ഫാ. കുര്യൻ മറ്റം, ടോംസ് മൈക്കിൾ എന്നിവരാണ് പ്രോഗ്രാം നയിക്കുന്നത്. 'വിശ്വാസവും കുടുംബവും' എന്നതാണ് പ്രമേയം.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

പാലാ രൂപത കുടുംബകൂട്ടായ്മ രൂപത കൗൺസിൽയോഗം 9-8-2020 ഞായറാഴ്ച വീഡിയോ കോൺഫറൻസുവഴി നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 2.30-ന് പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട വിൻസെന്റ് മൂങ്ങാമാക്കലച്ചൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട, രൂപതാ കോ-ഓർഡിനേറ്റർ ശ്രീ തോമസ് വടക്കേലിന്റെ മാതാവിന്റെയും അരുവിത്തുറ ഫൊറോനാ സെക്രട്ടറി ശ്രീമതി തങ്കമ്മ സിബി പുരയിടത്തിലിന്റെ സഹോദരിയുടെയും ആത്മശാന്തിക്കായി ബഹു. വിൻസെന്റച്ചൻ പ്രാർത്ഥിച്ചു.

യോഗത്തിന്റെ ആലോചനയ്ക്കും പരിഗണനയ്ക്കുമായി ബഹു. ഡയറക്ടറച്ചൻ താഴെപ്പറയുന്ന കാര്യങ്ങൾ അവതരിപ്പിച്ചു.

1. വാട്സ് ആപ്പ് : കുടുംബകൂട്ടായ്മയുടെ സന്ദേശങ്ങളും അറിയിപ്പുകളും എല്ലാവർക്കും എത്തിക്കുന്നതിനായി സഭാകേന്ദ്രസമിതി, രൂപതാസമിതി, ഫൊറോനാ സമിതി, ഇടവക, യൂണിറ്റ് എന്നീ അഞ്ചു തലങ്ങളിൽ വാട്സ് ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുക.

2. പാലാ സമരിറ്റൻ ടാസ്ക് ഫോഴ്സിൽ പങ്കാളികളാകുക.

3. സാമ്പത്തികസഹായം ആവശ്യമുള്ളവരെ കൂട്ടായ്മകൾവഴി കണ്ടെത്തി സഹായം എത്തിക്കുക.

4. തൊഴിൽ നഷ്ടപ്പെട്ടവരെയും വരുമാനമാർഗ്ഗം നിന്നുപോയവരെയും ഉൾപ്പെടുത്തി ഇടവകൾതോറും വർക്ക് ഫോഴ്സ് രൂപീകരിക്കുക.

5. രക്തദാനം : കോവിഡ് പ്രതിസന്ധിമൂലം ആശുപത്രികളിൽ രക്തദാനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ രക്തദാനത്തിനു സന്മനസുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുക.

6. മടങ്ങിവന്നിരിക്കുന്ന പ്രവാസികളെ ഫോണിലൂടെ ബന്ധപ്പെട്ട് കൂട്ടായ്മകളുടെ കരുതലും സ്നേഹവും അറിയിക്കുക.

കോവിഡ്മൂലം മരിച്ച കളത്തൂർ ഇടവകാംഗത്തിന്റെ ശവസംസ്കാരത്തിനു നേതൃത്വം നൽകിയ പാലാ സമരിറ്റൻ അംഗങ്ങളായ കുറവിലങ്ങാട് ഫൊറോനാ കോർഡിനേറ്റർ ബിജു താന്നിക്കത്തറപ്പേലിനെയും യുണിറ്റ് പ്രസിഡന്റ് ജിമ്മി മുരിക്കോലിനെയും യോഗം അഭിനന്ദിച്ചു.

തുടർന്ന്, ഫൊറോനകളുടെ അവലോകനം നടത്തി. കോവിഡുകാലഘട്ടത്തിൽ വിശ്വാസജീവിതത്തിൽ ദൈവജനം നേരിടുന്ന പ്രതിസന്ധിയെപ്പറ്റി യോഗാംഗങ്ങൾ ആശങ്ക രേഖപ്പെടുത്തി. 4.30 ന് പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക കോഴ്സ്**

**1. സർട്ടിഫിക്കറ്റ്**

ആഗസ്റ്റ് മാസത്തെ ഓൺലൈൻ വിവാഹ ഒരുക്ക കോഴ്സിൽ 254 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2020 സെപ്റ്റംബർ മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് കോഴ്സ് 2020 ഒക്ടോബർ 31 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

**B. പിതൃവേദി**

**1. നിയമാവലി പരിഷ്കരണം**

പിതൃവേദി നിയമാവലി പരിഷ്കരണത്തിന്റെ ഭാഗമായി രൂപതഭാരവാഹികൾ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 8-ാം തീയതി കമ്മിറ്റി കൂടി.

**C. മാതൃവേദി**

**1. ഡയാലിസിസ് സഹായം**

പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ കോവിഡ്-19 രോഗവ്യാപനത്തിന്റെ കാലഘട്ടത്തിൽ രൂപതയിലെ നിർദ്ധനരായ ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു. വികാരി ജനറാൾ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, മാതൃവേദി രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ, മാതൃവേദി രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ, സെക്രട്ടറി മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര എന്നിവർ പങ്കെടുത്തു.

**2. ഓൺലൈൻ ധ്യാനം**

മാതൃവേദിയുടെയും എസ്.എച്ച്. മീഡിയായുടെയും സംയുക്താഭിമുഖ്യത്തിൽ കുടുംബിനികൾക്കായി ആഗസ്റ്റ് 12,13,14 തീയതികളിൽ ഓൺലൈൻ ധ്യാനം നടത്തപ്പെട്ടു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ആമുഖപ്രഭാഷണം നടത്തി ധ്യാനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, സി. ആൻമരിയ എസ്.എച്ച്. എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**3. യൂണിറ്റ് സന്ദർശനം**

കുറിച്ചിത്താനം ഇടവകയിൽ ആഗസ്റ്റ് 8-ാം തീയതി രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ മാതൃവേദി യൂണിറ്റ് സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

**D. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രി

മണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. പാലാ മാട്രിമോണിയിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം പേയ്മെന്റ് നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ മാട്രിമോണിയുടെ 7306915897, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**E. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **പൂവത്തോട്, ചെമ്മലമറ്റം, മാനത്തൂർ, പൂഞ്ഞാർ, മേലുകാവുമറ്റം, കടനാട്, പിഴക്, കുരുവിനാൽ, കടുത്തുരുത്തി** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്കു വിവാഹ സഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. മത്സ്യഗ്രാമം പദ്ധതി**

പാലാ രൂപതാ കർഷകവർഷാചരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി “നമുക്കും മീൻ വളർത്താം മത്സ്യഗ്രാമം പദ്ധതി സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന മീൻകുഞ്ഞുങ്ങളെ വിതരണോദ്ഘാടനം അഭിവന്ദ്യ പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ തോമസ് ചാഴികാടൻ എം.പി. ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. തോമസ് കിഴക്കേൽ, ബർക്കുമാൻസ് കുന്നുംപുറം തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ഇനത്തിൽപെട്ട 7 ദിവസം മുതൽ 45 ദിവസം വരെ പ്രായമായ മത്സ്യക്കുഞ്ഞുങ്ങളെ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് വിതരണം ചെയ്തുവരുന്നു.

കൂടാതെ, അന്താരാഷ്ട്ര കായൽ കൃഷിഗവേഷണകേന്ദ്രത്തിന്റെ സാങ്കേതികവിദ്യയാൽ ദീർഘകാലം നിലനിൽക്കുന്ന ഫെറോസിമന്റ് പരിസ്ഥിതി സൗഹൃദ മീൻകുളങ്ങൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നിർമ്മിച്ചു നൽകുന്നു.

**2. ശീതകാല പച്ചക്കറിത്തൈവിതരണം**

കാബേജ്, കോളിഫ്ളവർ, തക്കാളി, ബ്രോക്കോളി, കാപ്സിക്കം തുടങ്ങിയ ശീതകാല പച്ചക്കറിത്തൈകളും പാവൽ, പയർ, പടവലം, വെണ്ട, മത്തൻ, വെള്ളരി, കുക്കുമ്പർ, മുളക് തുടങ്ങിയ മറ്റുയിനം പച്ചക്കറിത്തൈകൾ, ഗ്രോബാ

ഗ്, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ തുടങ്ങിയവ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് വിതരണം ചെയ്തുവരുന്നു.

**3. തെങ്ങിൻതൈകൾ**

കുറ്റ്യാടി, മലയൻ പച്ച, ഗംഗാ, ബോണ്ടാ, ടാക്സ് തുടങ്ങിയ ഇനത്തിൽപ്പെട്ട തെങ്ങിൻതൈകൾ പാലാ അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ വച്ച് വിതരണം ചെയ്യുന്നു.

**4. ഓണപ്പായസവിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് പായസവിതരണപരിപാടി സംഘടിപ്പിച്ചു. പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പായസവിതരണം ഉദ്ഘാടനം ചെയ്തു.

**5. കർഷകദിനാചരണം**

ചിങ്ങം ഒന്നിന് കർഷക ദിനാചരണപരിപാടികൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. കേരളാ സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. മാതൃകാ കാർഷിക മൂല്യവർദ്ധിത ഉത്പന്ന സംരംഭമായ കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി, മൂഴൂർ കർഷകദള ഫെഡറേഷൻ, മൂഴൂർ ഫാർമേഴ്സ് ക്ലബ്, വെള്ളിയാമറ്റം കർഷകദള ഫെഡറേഷൻ എന്നീ യൂണിറ്റുകൾക്ക് കർഷകവർഷ അവാർഡുകൾ സമ്മാനിച്ചു. കർഷകദിനാചരണ പരിപാടിയുടെ ഭാഗമായുള്ള തൈകളുടെ വിതരണോദ്ഘാടനം എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് ബിബിൻ ചാമക്കാലായ്ക്കു നൽകികൊണ്ട് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

**6. ഫലവൃക്ഷത്തൈകൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധയിനം പ്ലാവുകൾ, കുറ്റിക്കുരുമുളക്, പെപ്പർ തെക്കൻ, ചന്ദ്രഗിരി കാപ്പിത്തൈകൾ, മാവ്, കൊക്കോ, റംബൂട്ടാൻ, ദുരിയാൻ തുടങ്ങിയ ഫലവൃക്ഷത്തൈകൾ പാലാ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് വിതരണം ചെയ്യുന്നു.

**7. കുടുംബോദ്ധാരണ പദ്ധതി**

സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതിയതായി സെപ്റ്റംബർ മാസം 30 വരെ അപേക്ഷകൾ ക്ഷണിക്കുന്നു. പദ്ധതിയിൽ അംഗമാകുന്ന കുടുംബങ്ങൾക്ക് 6 വർഷക്കാലം കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന പദ്ധതികൾക്ക് ധനസഹായം ലഭിക്കും.

**8. മുട്ടഗ്രാമം പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കി വരുന്ന മുട്ടഗ്രാമം പദ്ധതിയുടെ ഭാഗമായി ഗ്രാമലക്ഷ്മി, ഗ്രാമപ്രിയ, ബി.വി. 380 തുടങ്ങിയ

കോഴിക്കുഞ്ഞുങ്ങളെയും ഹൈടെക് കോഴിക്കൂടുകളും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിവഴി വിതരണം ചെയ്യുന്നു.

**9. ഓണവിപണി**

നബാർഡിന്റെ സഹകരണത്തോടെ കാഞ്ഞിരമറ്റം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരമറ്റത്ത് ഓണവിപണി സംഘടിപ്പിച്ചു.

**10. പച്ചക്കറിവിത്തുകൾ**

ഹൈബ്രീഡ് നാടൻ, കാർഷിക ഗവേഷണകേന്ദ്ര വിത്തുകൾ തുടങ്ങിയ വിവിധയിനത്തിൽപെട്ട പച്ചക്കറിവിത്തുകൾ സെപ്തംബർ 15 മുതൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റയുടെ ആഭിമുഖ്യത്തിൽ വിതരണം ചെയ്യുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**1. രൂപത സ്കോളർഷിപ്പ്**

2019-2020 വാർഷിക പരീക്ഷയിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി, ഉപരിപഠന തൊഴിലധിഷ്ഠിത കോഴ്സുകൾ, പ്ലസ്ടു മതപഠനം എന്നിവയ്ക്ക് 60% ത്തിലധികം മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ അപേക്ഷ ഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് കോപ്പി സഹിതം സെപ്റ്റംബർ 20 നകം ഡി.സി.എം.എസ് രൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**2. പ്രതിഭ സ്കോളർഷിപ്പ്**

2019 – 2020 അധ്യയനവർഷം 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A grade കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കു പ്രതിഭ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷഫോറം പൂരിപ്പിച്ച് സ്കൂൾ അധികാരിയുടെ സാക്ഷിപ്പോടുകൂടിയ മാർക്ക് ലിസ്റ്റ് കോപ്പി സഹിതം രൂപതാ ഓഫീസിൽ സെപ്റ്റംബർ 20 നകം നൽകേണ്ടതാണ്.

**3. കലാനിധി**

കലാകായിക പരിശീലനം നടത്തുന്ന ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ് സംഘടനയിൽനിന്ന് പഠനസഹായങ്ങൾ നൽകുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ അപേക്ഷഫാറം പൂരിപ്പിച്ച് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ സെപ്റ്റംബർ 20 നകം നൽകേണ്ടതാണ്.

NB : അപേക്ഷഫോം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ഇടവക വികാരി/ യൂണിറ്റ് ഡയറക്ടർ, യൂണിറ്റ് പ്രസിഡന്റ്/ സെക്രട്ടറി എന്നിവരുടെ സാക്ഷിപ്പോടുകൂടി 2020 സെപ്റ്റംബർ 20-ാം തീയതി 5 PM നു മുൻപായി ഡി.സി.എം.എസ് പാലാ രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പ് നടപ്പാക്കുന്ന സ്കോളർഷിപ്പുകൾ**

**4. പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ**

ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ഗവൺമെന്റ് പ്രൈവറ്റ് (എയ്ഡഡ്/ അൺഎയ്ഡഡ്) സ്കൂളുകളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായാംഗങ്ങളായ കുട്ടികൾക്ക് ന്യൂനപക്ഷ കമ്മീഷനിൽനിന്നു സ്കോളർഷിപ്പുകൾ ലഭിക്കുന്നതാണ്. Maintenance Allowance പ്രതിവർഷം 1000 രൂപ (100*10, ഒന്നുമുതൽ 5 വരെ ക്ലാസ്സ്കാർക്ക്) 6 മുതൽ 10 വരെ ക്ലാസ്സുകാർക്ക് അഡ്മിഷൻ ഫീസ് പ്രതിവർഷം 500 രൂപ, ട്യൂഷൻ ഫീസ് പ്രതിമാസം 350 രൂപ വീതം (350 * 10). maintenance allowance പ്രതിമാസം 100 രൂപ വീതം, ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 600 രൂപ വീതം, വാർഷിക പരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം. അപേക്ഷ ഓൺലൈനായി നൽകേണ്ടതാണ്. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാൻ പാടില്ല. website : www.scholarship.gov.in, Last date : August 31

**.5 പോസ്റ്റ്- മെട്രിക് സ്കോളർഷിപ്പ്**

XI,XII, ടെക്നിക്കൽ ആൻഡ് വൊക്കേഷനൽ കോഴ്സസ്, ഡിഗ്രി, പിജി, എം.ഫിൽ, പിഎച്ച്ഡി. കോഴ്സുകൾക്ക് ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്ന (ക്രിസ്ത്യൻ, മുസ്ലീം, സിക്ക്, പാർസി, ജൈൻ) കുട്ടികൾക്ക് കേന്ദ്ര ന്യൂനപക്ഷ കമ്മീഷനിൽനിന്നു സ്കോളർഷിപ്പുകൾ ലഭിക്കുന്നതാണ്. മുൻവർഷത്തെ വാർഷികപരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം.

അഡ്മിഷൻ, ട്യൂഷൻ ഫീസ് പ്രതിമാസം 7000 രൂപ.(11,12 ക്ലാസ്സുകാർക്ക്) അഡ്മിഷൻ, ട്യൂഷൻ ഫീസ് ടെക്നിക്കൽ, വൊക്കേഷണൽ കോഴ്സുകൾക്ക് പ്രതിവർഷം 10000 രൂപ.

അഡ്മിഷൻ, ട്യൂഷൻ ഫീസ്, ഡിഗ്രി, പിജി ലെവൽ പ്രതിവർഷം 3000 രൂപ. Maintenance Allowance (XI,XII,ടെക്നിക്കൽ ആൻഡ് വൊക്കേഷണൽ കോഴ്സസ്) പ്രതിമാസം 230 രൂപ (for dayscholar) ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 350 രൂപ വീതം .

Maintenance allowance ഡിഗ്രി, പിജി പ്രതിമാസം 300 രൂപ for day scholar. 570 രൂപ per month for hostler.

Maintenance allowance എം.ഫിൽ, പി.എച്ച്.ഡി 1200 രൂപ (per month for hostler.)

Maintenance allowance എം.ഫിൽ,പിഎച്ച്ഡി 550 രൂപ (per month for day scholar)

അവസാന തീയതി - "ഒക്ടോബർ 31." ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. www.scholarships.gov.in

**6. MCM Scholarship**

ഭാരതസർക്കാരിന്റെ കേന്ദ്രന്യൂനപക്ഷകാര്യമന്ത്രാലയം ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്ന പ്രൊഫഷണൽ, സാങ്കേതിക കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2020-2021 അധ്യയനവർഷത്തേക്ക് മെറിറ്റ് -കം- മീൻസ്

സ്കോളർഷിപ്പ് നൽകുന്നു. അപേക്ഷകർ ന്യൂനപക്ഷ സമുദായങ്ങളിൽ പ്പെട്ടവരായിരിക്കണം. അപേക്ഷകർ ഇന്ത്യയിൽത്തന്നെയുള്ള സ്വകാര്യ/ സർക്കാർ/കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരായിരിക്കണം. അപേക്ഷകർ പഠിക്കുന്ന കോഴ്സിന് ചുരുങ്ങിയത് ഒരുവർഷം കാലയളവ് ഉണ്ടായിരിക്കണം. മുൻവർഷത്തെ വാർഷികപരീക്ഷയിൽ 50% മാർക്ക് ഉണ്ടായിരിക്കണം. പുതുതായി സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷിക്കുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവർക്ക് പുതുക്കി അപേക്ഷിക്കുന്നതിനുമുള്ള അവസാന തീയതി 2020 ഒക്ടോബർ 31 ആണ്. Website :www.scholarships.gov.in

**7. കേന്ദ്ര– ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ്**

പ്ലസ്സ് ടു വാർഷികപ്പരീക്ഷയിൽ 80% അധികം മാർക്ക് വാങ്ങി ഓൾ ഇന്ത്യാ ടെക്നിക്കൽ കൗൺസിൽ, ഓൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ, ഓൾ ഇന്ത്യാ ഡെന്റൽ കൗൺസിൽ എന്നിവയുടെ കീഴിലുള്ള കോളേജുകളിലേക്ക് യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ദേശീയ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. വാർഷികവരുമാനം 8 ലക്ഷത്തിൽ താഴെയുള്ള വരായിരിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31.

**കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് നൽകുന്ന സ്കോളർഷിപ്പുകൾ**

**8. ഡോ.എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്**

ഗവൺമെന്റ് എയ്ഡഡ് പോളിടെക്നിക് 3 വർഷത്തെ ഡിപ്ലോമ കോഴ്സ് പഠിക്കുന്നവർക്ക് വർഷം 6000 രൂപ ലഭിക്കും. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുക. പോസ്റ്റ് ഗ്രാജേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നു. 3 വർഷത്തെ കോഴ്സുകൾക്ക് ഇതു ബാധകമല്ല. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

Website : www.minorityselfare.kerala.gov.in

**9. മദർ തെരേസ സ്കോളർഷിപ്പ്**

പൊതുപ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നഴ്സിങ് കോളേജ്/ മെഡിക്കൽ കോളേജിൽ നഴ്സിങ്, ഡിപ്ലോമാ/ പാരമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15000 രൂപ സ്കോളർഷിപ്പ് നൽകുന്നു. അപേക്ഷകർ യോഗ്യതപരീക്ഷയിൽ 50% കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷികവരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരായിരിക്കണം. കേരളത്തിൽ സ്ഥിരതാമസമാക്കിയ മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്.

Website : www.minorityselfare.kerala.gov.in

**10. മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ/മറ്റ് പിന്നാക്ക, മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്**

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും വാർഷികവരുമാനം 25000 രൂപയിൽ കുറവുള്ളവരുമായ കുടുംബങ്ങളിലെ എൽ.പി, യു.പി, ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് കേരളസംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ്

സ്കോളർഷിപ്പ് നൽകുന്നു. മതിയായ രേഖകൾ സഹിതം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സ്ഥാപനമേധാവി, എ.ഇ.ഒ/ഡി.ഇ.ഒ വഴി ഡി.ഡി.ഇ മാർക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**11. വിദ്യാഭ്യാസ വായ്പ പദ്ധതി**

കേന്ദ്ര സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷത്തിലെ ദുർബലവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് വായ്പകൾ നൽകുന്നു. പരമാവധി വായ്പത്തുക 2.5 ലക്ഷം രൂപയാണ്.
website : www..nmdfc.org/schemes&prog.html

**12. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്**

പ്രായപരിധി ഇല്ല. ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപനത്തിൽ ഡിഗ്രി, പി.ജി, പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന മുസ്ലീം , ലാറ്റിൻ, മതപരിവർത്തനം ചെയ്ത ക്രിസ്ത്യൻ സമുദായംഗം ആയിരിക്കണം. ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപനത്തിൽ ഗ്രാജുവേഷൻ അല്ലെങ്കിൽ ഹയർ കോഴ്സുകളുടെ ഒന്നാം വർഷത്തിൽ പഠിക്കുന്ന ഒരു ജി.ഐ.ആർ.എൽ. വിദ്യാർത്ഥി ആയിരിക്കണം. യോഗ്യതയുള്ള സീറ്റുകളിൽനിന്ന് സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം യോഗ്യതാ പരീക്ഷയിൽ 50 % കൂടുതൽ മാർക്ക് നേടിയിരിക്കണം. കുടുംബവരുമാനം 600000 രൂപയിൽ കൂടാൻ പാടില്ല. ഹോസ്റ്റൽ സ്റ്റൈപന്റിന് യോഗ്യത നേടുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്
Website : www.minorityselfare.kerala.gov.in

**13. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**

എസ്.എസ്.എൽ.സി, +2, വിഎച്ച്സി എന്നിവയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് 10000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു. സർക്കാർ / സർക്കാർ എയഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്. എൽ.സി, +2, വിഎച്ച്സി തലങ്ങളിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളാണ്. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ യോഗ്യത ഉള്ളവർ.
Website : www.minorityselfare.kerala.gov.in

**14. കേരള കത്തോലിക്ക മെത്രാൻ സമിതി – ദലിത്–പിന്നാക്ക വിഭാഗ വികസന കമ്മീഷൻ (KCBC- SC/ST/BC) നല്കുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു.**

2019–2020 – അദ്ധ്യയനവർഷം പാസ്സായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. SSLC - 80 %, PIus Two - 70%, Degree, PG, BSc Nursing, Engineering, Medicine 60% മാർക്കു വാങ്ങി പാസ്സായ ദലിത് കത്തോലിക്ക വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നല്കുന്നത്. അപേക്ഷകൾ DCMS പാല രൂപത ഓഫീസിൽ ലഭ്യമാണ്.

അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ 2020 സെപ്റ്റംബർ 20–ാം തിയതി 4 pm നു മുൻപായി

DCMS പാല രൂപതകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ 2020 സെപ്റ്റംബർ 20 - തിയതി 4 pm നു മുൻപായി DCMS പാല രൂപത കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**രൂപത കമ്മിറ്റി**

2020 ആഗസ്റ്റ് 15-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപത കമ്മറ്റി നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ.ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെ.എൽ.എം.

**കെ.എൽ.എം. ലീഡേഴ്സ് ട്രെയ്നിങ് പ്രോഗ്രാം**

അഞ്ചുദിവസങ്ങളിലായി നടന്ന കെ.എൽ.എം. ഓൺലൈൻ ലീഡേഴ്സ് ട്രെയ്നിങ് പ്രോഗ്രാമിൽ പങ്കെടുത്തു.

ഇന്ത്യയിലെ സമകാലിക സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളും തൊഴിലാളികളും, സഭയുടെ സാമൂഹികപ്രബോധനങ്ങളും തൊഴിലാളികളും തൊഴിലാളികളുടെ സംഘാടനവും ശാക്തീകരണവും തൊഴിലാളികളും നൈയാമിക പരിരക്ഷകളും എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു.

വിവിധ ക്ഷേമനിധികളിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

നിലവിൽ ക്ഷേമനിധിയിലുള്ളവർക്ക് കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക്:**

പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

Mob: 8304981275 (O), 9400661492

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

രജിസ്ട്രേഷൻ അവസാനിക്കുന്നത് 2020 സെപ്തംബർ 15

പഠനഭാഗം : നിയമാവർത്തനം 22-34 അധ്യായങ്ങൾ

പ്രഭാഷകൻ : 18-22 അധ്യായങ്ങൾ

മർക്കോസ് : 1-8 അധ്യായങ്ങൾ

1 കോറിന്തോസ് : 1-8 അധ്യായങ്ങൾ

**പരീക്ഷാ തീയതി**

2020 ഡിസംബർ 27 ഞായർ 2 - 3.30 pm

**ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ രജിസ്ട്രേഷൻ സമയത്ത് സൂചിപ്പിക്കേണ്ടതാണ്.

1. ടീമിൽ പിതാവ്-മാതാവ്-മക്കൾ എന്നിവർ ഉണ്ടായിരിക്കണം.
2. ഡിസംബർ 27-നു നടക്കുന്ന പ്രാഥമിക പരീക്ഷയിൽ പങ്കെടുത്തിരിക്കണം.

ഒന്നാംസമ്മാനം : റവ. ഡോ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും 10000 രൂപയും.

രണ്ടാം സമ്മാനം : 5000 രൂപ

മൂന്നാം സമ്മാനം : 3000 രൂപ

ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി വി. യോഹന്നാനെക്കുറിച്ച് ഓൺലൈൻ ബൈബിൾ കോഴ്സ് നടന്നുവരുന്നു. ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ പുതിയ ഓൺലൈൻ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുന്നവർക്ക് ക്ലാസിന്റെ വീഡിയോ അയച്ചുകൊടുക്കുന്നു. അതു കേട്ടതിനുശേഷം അതിൽ നല്കുന്ന ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ എഴുതി നല്കുന്ന രീതിയാണ്. ആഴ്ചയിൽ അരമണിക്കൂറിൽ താഴെ സമയദൈർഘ്യമുള്ള ഒന്നോ രണ്ടോ ക്ലാസുകൾ ആയിരിക്കും നല്കുക. വിശ്വാസപരിശീലകർക്കും മറ്റും വളരെ സഹായകമാകുന്ന വിധത്തിലുള്ള ക്ലാസുകൾ ആയിരിക്കും. ഇതിൽ ചേരാൻ താത്പര്യമുള്ളവർ 9961911121 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ഓഗസ്റ്റ് 13 തീയതി രാവിലെ 10 മുതൽ 1 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മിനിസ്ട്രികളുടെ ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രവർത്തനരീതിയെക്കുറിച്ചും പങ്കുവെച്ചു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമിതി സമ്മേളനത്തിന് നേതൃത്വം നൽകി. പുതിയ സാധ്യതകൾ കണ്ടെത്തി ശുശ്രൂഷകൾ നടത്തിയവരെ അഭിനന്ദിച്ചു. ഒരുമണിയോടെ സേവനസമിതി സമ്മേളനം സമാപന ആശീർവാദ പ്രാർത്ഥനയിലൂടെ അവസാനിച്ചു.

**2. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ

വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭംകുറിച്ച ട്രെയിനിങ് പ്രോഗ്രാം ഓഗസ്റ്റ് മാസവും ഓൺലൈനായി മൂന്നു ക്ലാസ്സ് നടത്തി. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

### 3. L.S.S (Life in Spirit Seminar)

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S. നമ്മുടെ രൂപത സോണിൽനിന്ന് എഴുപത്തിമൂന്നോളംപേർ ഈ ട്രെയിനിങ് പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തുകൊണ്ടിരിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം അംഗങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങളുടെ സമഗ്രമായ വളർച്ച ഇതിലൂടെ സാധ്യമാകുന്നു.

### 4. കാരിസ് യൂത്ത് കോൺഫ്രൻസ്

'യുവജന പ്രേഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് കരിസ്മാറ്റിക് നവീകരണ രംഗത്ത് ഇടവകതലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. അഞ്ഞൂറോളം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തിയെഴുതുക, വചനം പങ്കുവയ്ക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനങ്ങളെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലും കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിനു നേതൃത്വം നൽകുന്നു.

### 5. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് ഒരു പ്രാവശ്യം ഓൺലൈനായി നടത്തി. കുട്ടികൾക്കും അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്നവിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ് ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഓഗസ്റ്റ് 6 മുതൽ സെപ്റ്റംബർ 8-ന് അവസാനിക്കുന്ന 33 ദിവസത്തെ പരിശുദ്ധ അമ്മയുടെ വിമലഹൃദയ പ്രതിഷ്ഠയും മറ്റു പ്രാർത്ഥനകളും തുടർച്ചയായി നടന്നുവരുന്നു. അനവധി പേർ ഇതിൽ പങ്കാളികളായിരിക്കുന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലും മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജെറ്റും നേതൃത്വം നൽകുന്നു.

### 6. പ്രാർത്ഥനക്കൂട്ടായ്മകൾ

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം

രൂക്ഷമാകുന്ന സാഹചര്യം ഉള്ളതിനാലും കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു രണ്ടു മണി മുതൽ നാലുമണി വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനശുശ്രൂഷകൾ നടത്തപ്പെടുന്നു. ഓഗസ്റ്റ് 9-ന് റവ. ഫാ. ജീമോൻ പനച്ചിക്കൽകരോട്ടും 16-ന് വ. ഫാ. പോൾ വടക്കുമ്മുറിയും 23-ന് റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലും വചനസന്ദേശം നൽകി. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**7. കോവിഡ്-19 വ്യാപനത്തിനെതിരേ മധ്യസ്ഥപ്രാർത്ഥന**

കോവിഡ്-19 വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ പ്രാർത്ഥനയാണ് നമ്മുടെ ശക്തി എന്ന് മനസ്സിലാക്കിക്കൊണ്ട് സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ തുടർച്ചയായി 15 ദിവസം ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് ഒരുമയോടെയും ഏകമനസോടെയും ഒന്നിച്ചുചേർന്ന് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് ജപമാലകൾ ചൊല്ലിയും വചനം വായിച്ചും പ്രാർത്ഥിച്ചു. 250 പേർ പങ്കെടുത്തു.

**8. 18 സബ് സോൺ സേവനസമിതി അംഗങ്ങളുടെ സംഗമം.**

ഓഗസ്റ്റ് 19-ാം തീയതി ബുധനാഴ്ച രാത്രി 9 മുതൽ 11 മണിവരെ സോണൽ സേവനസമിതി അംഗങ്ങളുടെയും 19 സോൺ ഭാരവാഹികളുടെയും ഒന്നിച്ചുള്ള സംഗമം ഓൺലൈനിൽ നടത്തപ്പെട്ടു. ഓരോ സബ് സോണിലും നാളിതുവരെ നടത്തപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും വിശദീകരിച്ചു. പ്രാർത്ഥനകൾ ഇടവകകൾ കേന്ദ്രീകരിച്ച് കൂടുതലായി നടത്തണമെന്നും, അവയെല്ലാം സർക്കാർ നിയന്ത്രണങ്ങൾക്കു വിധേയമായിട്ടായിരിക്കണമെന്നും റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നിർദ്ദേശങ്ങൾ നൽകി. 18 സബ്സോണിലും ഓൺലൈനായി പ്രാർത്ഥനശുശ്രൂഷകൾ നടത്തപ്പെട്ടു. ഇനിയും എല്ലാ ആഴ്ചകളിലും ഇത് നടത്താൻ ശ്രദ്ധിക്കണമെന്ന് വിൻസെന്റച്ചൻ അംഗങ്ങളെ ഓർമ്മപ്പെടുത്തി. സമാപന ആശിർവാദത്തോടെ 11 മണിക്ക് ശുശ്രൂഷ അവസാനിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

കൊറോണാ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, 'ദൈവശക്തി വ്യാപരിക്കുന്നു' എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ് വഴി ഏപ്രിൽ പതിന്നാലാം തീയതി ആരംഭിച്ച ഓൺലൈൻ ധ്യാനം തുടർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം, ഈ ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, Mount Nebo Short Videos

എന്ന പേരിൽ ഒരു പുതിയ യൂട്യൂബ് ചാനലായി പ്രക്ഷേപണം ആരംഭിച്ചിട്ടുണ്ട്. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടികൾ ലഭ്യമാണ്; രണ്ടു പരിപാടികളുടെയും ലിങ്കുകൾ ചുവടെ ചേർക്കുന്നു:

Online Retreat:
https://www.youtube.com/
playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8
Mount Nebo Short Videos: https://www.youtube.com/
results?search_query=mount+nebo+short+videos

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന പേരിലുള്ള ലഘുപുസ്തക പരമ്പര, കൊറോണ ലോക്ക്ഡൗൺ മൂലം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കാതെപോയത്, ജൂലൈ മുതൽ പുനരാരംഭിച്ചിട്ടുണ്ട്. പുതിയ പുസ്തകങ്ങൾ: പുസ്തകം 9-ദൈവം പൈശാചികശക്തികളെ നേരിട്ടു കീഴ്പ്പെടുത്തുന്നില്ല; പുസ്തകം 10-ദൈവത്തിന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നവർ. പുസ്തകത്തിന്റെ കോപ്പികൾ പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. എല്ലാ മാസവും തപാലിൽ ലഭിക്കുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## റവ. സി. ഉർസുല പുല്ലംപാറ C.J.

പാലാ രൂപത വാലാച്ചിറ, കടുത്തുരുത്തി ഇടവകയിൽ പുല്ലംപ്ര കുടുംബത്തിൽ പരേതരായ പൈലി, ഏലി ദമ്പതികളുടെ ഒമ്പതു മക്കളിൽ ഇളയ മകളായി 1932 ജനുവരി 9-ാം തീയതി ജനിച്ചു. 1932 ജനുവരി 16-ാം തീയതി കടുത്തുരുത്തി സെ. മേരീസ് ഫൊറോന ദേവാലയത്തിൽ വച്ച് ബ്രിജിറ്റാ എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു. ചെറുപ്പം മുതലേ ഒരു മിഷനറിയായിത്തീരുവാനുള്ള ആഗ്രഹം ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന ഉർസുലാമ്മ കടുത്തുരുത്തി സെ. മൈക്കിൾസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസായതിനുശേഷം മിഷൻ പ്രദേശത്തുനിന്നെത്തിയ സിസ്റ്റേഴ്സിന്റെ ജീവിതരീതിയിൽ ആകൃഷ്ടയായി പാറ്റ്നാ മിഷനുവേണ്ടി തന്റെ ജീവിതം സമർപ്പിക്കുവാൻ ഉർസുലാമ്മ തീരുമാനിച്ചു. അതനുസരിച്ച് സി.ജെ. സഭയിൽനിന്നെത്തിയ രണ്ടു സിസ്റ്റേഴ്സിന്റെകൂടെ പാലാ രൂപതയിൽനിന്നു യാത്ര തിരിച്ച എട്ടു സഹോദരിമാരിൽ ഒരാളായി 1951 ഒക്ടോബർ മാസത്തിൽ നീണ്ട ഒരാഴ്ചത്തെ ട്രെയിൻയാത്രയ്ക്കു ശേഷം ഇന്ത്യൻ അർത്ഥിനികളുടെ രണ്ടാമത്തെ ബാച്ചിൽ പാറ്റ്നായിൽ എത്തിച്ചേർന്നു.

ഈശോയോടുള്ള സ്നേഹവും മിഷനറിയാകാനുള്ള തീവ്രമായ ആഗ്രഹവും അപരിചിത കാലാവസ്ഥ തരണംചെയ്യുവാനും ഭാഷയും ഭക്ഷണവും ജീവിതശൈലിയും സ്വായത്തമാക്കുവാൻ സിസ്റ്ററിനെ പ്രാപ്തയാക്കുകയും ചെയ്തു. അന്നത്തെ മേലധികാരികൾ എല്ലാവരും ജർമനിയിൽനിന്നുള്ളവരായിരുന്നു. അതിനാൽത്തന്നെ ആശയവിനിമയവും, ജീവിതരീതിയും പഠനവുമെല്ലാം സന്ന്യാസജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ വളരെ ദുർഘടമായിരുന്നു. ഈശോയോടുള്ള അതിതീവ്രസ്നേഹവും തീക്ഷ്ണമായ പ്രാർത്ഥനയും സിസ്റ്റേഴ്സിന്റെ മാതൃകാപരമായ ജീവിതവും സന്ന്യാസജീവിതത്തിൽ സ്ഥിരതയോടുകൂടി മുൻപോട്ടു പോകുവാൻ സിസ്റ്ററിനെ ഏറെ സഹായിച്ചു.

തുടർപരിശീലനം പൂർത്തിയാക്കിയ ഉർസുലാമ്മ 1952 സെപ്റ്റംബർ ഒന്നാം തീയതി സഭാവസ്ത്രവും സി. ഉർസുല എന്ന പേരും സ്വീകരിച്ചു. 1954 സെപ്റ്റംബർ 24–ാം തീയതി പ്രഥമ വ്രതവാഗ്ദാനവും 1960 സെപ്റ്റംബർ 24–ാം തീയതി നിത്യവ്രത വാഗ്ദാനവും അനുഷ്ഠിച്ചു. ഉർസുലാമ്മയ്ക്ക് 2002–ൽ തന്റെ അനുഗ്രഹപൂർണ്ണ മായ സന്ന്യാസസമർപ്പണത്തിന്റെ സുവർണ്ണജൂബിലിയും 2012–ൽ ഡയമണ്ട് ജൂബി ലിയും ആഘോഷിക്കുവാനുള്ള ഭാഗ്യവും കൃപയും ലഭിച്ചു.

പാറ്റ്നായിൽ വച്ചുതന്നെ പഠനം പൂർത്തിയാക്കി ഉർസുലാമ്മ പാറ്റ്നാ, കാഠ്മണ്ടു (നേപ്പാൾ), നൈനിറ്റാൾ, കാൺപൂർ (യു.പി.), ബംഗളൂരു എന്നീ സ്ഥല ങ്ങളിൽ ടീച്ചറായും ഹോസ്റ്റൽ വാർഡനായും സുപ്പീരിയർ ആയും സേവനമനു ഷ്ഠിച്ചു. അതിശൈത്യമേറിയ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ വർഷങ്ങളോ ളം സേവനം ചെയ്തതിന്റെ ഫലമായി സിസ്റ്റർ ഉർസുലയുടെ ആരോഗ്യസ്ഥിതി മോശമായതിനെത്തുടർന്ന് നാട്ടിൽ രണ്ടു വർഷക്കാലം ആയുർവേദ ചികിത്സയ്ക്കു ശേഷം ദക്ഷിണേന്ത്യയിൽ സേവനം അനുഷ്ഠിക്കുവാനുള്ള അവസരം അധികാ രികൾ നൽകി. ബംഗളൂരുവിലെ തന്റെ ഉത്തരവാദിത്വം പൂർത്തിയാക്കിയശേഷം പുതിയ സേവനമേഖലയായ പിഴകിലേക്ക് 1988 സെപ്റ്റംബർ മാസത്തിൽ സിസ്റ്റർ എത്തിച്ചേർന്നു. ആദ്യത്തെ ഏഴുവർഷക്കാലം ഇവിടെ മദർ സുപ്പീരിയറായി സേ വനം ചെയ്തു. കഴിഞ്ഞ 32 വർഷത്തെ ത്യാഗപൂർണ്ണവും കർമ്മനിരതവുമായ ജീവിതത്തിൽ ഈ പ്രദേശത്തുള്ള നാനാജാതി മതസ്ഥരുടെ ഹൃദയത്തിൽ ഇടം പിടിച്ച സുപ്രധാന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഉർസുലാമ്മ.

പിഴക് ഇടവകയിൽ നീണ്ട വർഷങ്ങളോളം മതബോധന അധ്യാപിക യായും, ചെറുപുഷ്പ മിഷൻ ലീഗിന്റെ വൈസ് ഡയറക്ടറായും, യുവജനകൂട്ടാ യ്മയുടെ ആനിമേറ്ററായും, 2001–ൽ മാതൃവേദിയുടെ ആരംഭകാലഘട്ടത്തിൽ തുടർച്ചയായി നാലുവർഷക്കാലം ജോയിന്റ് ഡയറക്ടറായും, സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. കരിസ്മാറ്റിക് ഗ്രൂപ്പിന്റെ ആനിമേറ്ററായി പ്രാർത്ഥനക്കൂട്ടായ്മ സംഘടിപ്പിക്കുവാൻ മുൻകൈയെടുത്തു. കുടുംബക്കൂട്ടായ്മ യുടെ ആരംഭത്തിൽ ഇടവക സമൂഹത്തെ ഒരുമിച്ചുനിർത്തുവാനും ഇടവകാംഗ ങ്ങളുടെ എല്ലാ വീടുകളിലും കയറിയിറങ്ങി കുടുംബക്കൂട്ടായ്മയുടെ മാഹാത്മ്യ ത്തെപ്പറ്റി ബോധവത്കരണം നടത്തുകയും കൂട്ടായ്മയിൽ സന്മനസ്സോടെ പങ്കു ചേരുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. കുടുംബക്കൂട്ടായ്മയിൽ സജീ വസാന്നിദ്ധ്യമായിരുന്നു പ്രിയപ്പെട്ട സിസ്റ്റർ.

കോൺവെന്റിൽ ആരംഭഘട്ടത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന തിനും ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നതിനും പ്രത്യേകശ്രദ്ധ ചെലുത്തിയി രുന്നു. അർത്ഥിനികളെ ആദ്യഘട്ടത്തിൽ സന്ന്യാസിനീസമൂഹത്തിന്റെ ചൈത ന്യത്തിൽ ജീവിക്കുന്ന സമർപ്പിതരെ രൂപപ്പെടുത്തുന്ന ഉത്തരവാദിത്വം അതിന്റെ ചൈതന്യത്തിൽ നിർവ്വഹിച്ചു.

മിഷൻ പ്രദേശങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന ഞങ്ങളുടെ സഹോദ രിമാരുടെ മാതാപിതാക്കളെയും, സഹോദരങ്ങളെയും ബന്ധുമിത്രാദികളെയും

ഉർസുലാമ്മ സ്വന്തംതന്നെയായി കണക്കാക്കിയിരുന്നു. ആർക്കെങ്കിലും ആപത്തോ അസുഖമോ ആഘോഷങ്ങളോ വരുമ്പോൾ ദൂരവും സമയവും ഒന്നും കൂട്ടാക്കാതെ അവരെ സാന്ത്വനിപ്പിക്കുവാനും, സമാധാനിപ്പിക്കുവാനും സുഖദുഃഖങ്ങളിൽ പങ്കുചേരുവാനും ഉൽസുകയായിരുന്നു.

ഒരു മിഷനറിയുടെ ലാളിത്യവും പാവങ്ങളോടുള്ള കരുതലും സിസ്റ്ററിന്റെ ഹൃദയത്തിൽ ജ്വലിച്ചിരുന്നു. സാമ്പത്തികമായി ദൈവം അനുഗ്രഹിച്ച തന്റെ കുടുംബാംഗങ്ങളിൽനിന്നും മിത്രങ്ങളിൽനിന്നും പാവങ്ങൾക്കുവേണ്ടി പൈസ യാചിക്കുവാൻ സിസ്റ്ററിന് ഒരു സങ്കോചവും ഇല്ലായിരുന്നു. അങ്ങനെ സ്വരുക്കൂട്ടിയിരുന്ന പണവുമായി അധികാരികളുടെ അനുവാദത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും രാമപുരത്തുള്ള കുഞ്ഞച്ചൻ മിഷനറി ഹോമിൽ ഭക്ഷണം എത്തിച്ചിരുന്നു. അതുപോലെതന്നെ സാമ്പത്തികമായി വളരെ പിന്നാക്കമായിരുന്ന വ്യക്തികളെയും കുടുംബങ്ങളെയും അകമഴിഞ്ഞു സഹായിക്കുവാനും സിസ്റ്റർ ശ്രദ്ധിച്ചിരുന്നു.

എപ്പോഴും എല്ലാവർക്കും സംലഭ്യമായിരുന്ന അമ്മയുടെ നിസ്വാർത്ഥ സേവനവും, പ്രാർത്ഥനാചൈതന്യവും, അതുല്യമായ സാഹോദര്യസ്നേഹവും, വിശുദ്ധിയും, അടുക്കും ചിട്ടയും, വൃത്തിയും വെടിപ്പുമുള്ള സ്വഭാവവും, ആഴമായ ദൈവാശ്രയവും, വളരെ ശ്രദ്ധേയമായ പാവങ്ങളോടുള്ള പരിഗണനയും, അധികാരവിധേയത്വവും അമ്മയിൽ വിളങ്ങിയിരുന്ന വിശേഷഗുണങ്ങളായിരുന്നു. അമ്മയുടെ സന്തോഷപ്രകൃതിയും ഉദാരമനസ്ഥിതിയും ആതിഥ്യമര്യാദയുമൊക്കെ അമ്മയുടെ അലങ്കാരമായിരുന്നു.

പ്രായാധിക്യത്താൽ ശാരീരികക്ഷീണമുണ്ടായിരുന്നെങ്കിലും ഊർജ്ജസ്വലയും സന്തോഷവതിയുമായിരുന്നു ഊർസുലാമ്മ. അങ്ങനെയിരിക്കേ മാർച്ച് ആദ്യ ആഴ്ചയിൽ Osteoporosis കാരണം നട്ടെല്ലിനു പൊട്ടലും ബലക്കുറവും ഉണ്ടായി. മാർ സ്ലീവാ മെഡിസിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു ചികിത്സിച്ചു. ചികിത്സയുടെ ഫലമായി വേദനയ്ക്കു ശമനം ലഭിച്ചിരുന്നുവെങ്കിലും വലിയ മാറ്റങ്ങൾ സംഭവിക്കാതെ ശയ്യാവലംബയായിത്തീർന്നു.

ഏപ്രിൽ മാസത്തിൽ രോഗംമൂലമുള്ള അസ്വസ്ഥതകളെത്തുടർന്ന് പിഴക് വികാരി ബഹുമാനപ്പെട്ട കുരുവിള തുടിയംപ്ലാക്കൽ അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു. അതിനുശേഷം ഉർസുലാമ്മ ഏകദേശം നാലുമാസത്തോളം തനിക്കുണ്ടായിരുന്ന ശാരീരികാസ്വസ്ഥതകളും വേദനകളും ക്ഷമയോടും ശാന്തതയോടുംകൂടി യാതൊരു പരിഭവവും കൂടാതെ യേശുവിന്റെ കുരിശോടു ചേർത്ത് സമർപ്പിച്ചുകൊണ്ടിരുന്നു.

കഴിഞ്ഞ ഒരാഴ്ചയായി സംസാരശേഷി കുറയുകയും ആരോഗ്യസ്ഥിതി വഷളാവുകയും ചെയ്തു. ആഗസ്റ്റ് 16-ാം തീയതി രാവിലെ 8 മണിയോടുകൂടി ഉർസുലാമ്മയുടെ സ്ഥിതി വളരെ മോശമാകുകയും ശ്വാസതടസ്സം അനുഭവപ്പെടുകയും ചെയ്തു. ആരോഗ്യസ്ഥിതിയെപ്പറ്റി അറിഞ്ഞപ്പോൾ ഉടൻതന്നെ ഞങ്ങളുടെ വികാരി അച്ചൻ എത്തിച്ചേരുകയും സിസ്റ്ററിനെ തന്റെ സ്വർഗ്ഗീയയാത്ര

യ്ക്കായി ആത്മീയമായി ഒരുക്കുകയും ചെയ്തു. ഒൻപതുമണിയോടുകൂടി വളരെ ശാന്തയായി കട്ടിലിനുചുറ്റും നിന്നിരുന്ന സഹോദരിമാരുടെ പ്രാർത്ഥനയുടെ അകമ്പടിയോടെ സിസ്റ്ററിന്റെ ആത്മാവ് തന്റെ സ്വർഗ്ഗീയമണവാളനെ സ്വീകരിക്കുവാൻ യാത്രയായി.

അന്നുതന്നെ ഉച്ചകഴിഞ്ഞ് 3.30-ന് മഠം ചാപ്പലിൽ സിസ്റ്ററിന്റെ ബന്ധുകൂടിയായ ബഹുമാനപ്പെട്ട പോൾസൺ കുന്നുംപുറം അച്ചന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം, പള്ളിവികാരി കുരുവിള തുടിയംപ്ലാക്കൽ അച്ചന്റെയും പോൾസൺ അച്ചന്റെയും നേതൃത്വത്തിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൃതശരീരം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്കുശേഷം സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട ഉർസുലാമ്മയുടെ മൃതദേഹം പിഴക് സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം തന്റെ വിശ്വസ്തദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## റവ. സി. കുസും ഞരളക്കാട്ട് ഡി.എസ്.റ്റി.

"വിജയം വരിക്കുന്നവനെ വെള്ളവസ്ത്രം ധരിപ്പിക്കും. ജീവന്റെ പുസ്തകത്തിൽനിന്ന് അവന്റെ നാമം ഞാൻ ഒരിക്കലും മായിച്ചുകളയുകയില്ല" (വെളിപാട് 3:15). 66 വർഷക്കാലം ഈ ഭൂമിയിൽ വിശ്വാസവഴിയേ യാത്രചെയ്ത്, ഒരിക്കലും മായാത്തവിധം ജീവന്റെ പുസ്തകത്തിൽ പേരു ചേർക്കപ്പെട്ട് ദൈവത്തോടൊത്ത് വിശുദ്ധ സീയോനിൽ ആയിരിക്കുവാൻ യാത്രയായ ഞങ്ങളുടെ പ്രിയപ്പെട്ട സി. കുസും പാലാ രൂപതയിലെ പൂഞ്ഞാർ ഇടവകയിൽ വിശ്വാസചൈതന്യം നിറഞ്ഞുനിന്നിരുന്ന ഞരളക്കാട്ട് കുടുംബത്തിൽ സ്കറിയ-അന്നമ്മ ദമ്പതികളുടെ 6 മക്കളിൽ 2-ാമത്തെ മകളായി 1954 ജൂലൈ 26 ന് ജനിച്ചു. സ്കൂൾ പ്രേരണ ഉള്ളിലുണ്ടായപ്പോൾ വി. തോമാശ്ലീഹായുടെ നാമത്താൽ അനുഗ്രഹിക്കപ്പെട്ട ഡി.എസ്.റ്റി സന്ന്യാസിനീസമൂഹത്തിൽ 1975 സെപ്റ്റംബർ 30-ാം തീയതി അർത്ഥിനിയായിച്ചേർന്നു. 1977 മെയ് 19 ന് നിത്യവ്രതവാഗ്ദാനവും നടത്തി തന്റെ ജീവിതത്തെ പൂർണ്ണമായും ദൈവത്തിനു സമർപ്പിച്ചു.

സി. കുസുമിന്റെ 43 വർഷത്തെ ശുശ്രൂഷാമേഖലകൾ പാലമ്പ്ര, അരുവിത്തുറ, പാലാപറമ്പ്, കുറിച്ചിത്താനം, ഒലിപ്പാറ, മക്സി, നരസിംഘട്ട്, റെസുബർപാറ, പാലാ, ഭരണങ്ങാനം, വളാഞ്ചേരി എന്നീ ഭവനങ്ങളിലായിരുന്നു. പ്രധാന പ്രേഷിതമേഖല അധ്യാപനമായിരുന്നു. ഉൾനാടൻ ഗ്രാമങ്ങളിലെ കുരുന്നുകൾക്ക് അക്ഷരവെളിച്ചം നൽകാൻ സിസ്റ്റർ ഏറെ ഉത്സാഹിച്ചിരുന്നു. അതോടൊപ്പംതന്നെ 12 വർഷം ജനറാൾ കൗൺസിലർ, 3 വർഷം പ്രോവിൻഷ്യൽ കൗൺസലർ, വിവിധ സമൂഹങ്ങളിൽ സുപ്പീരിയർ എന്നീ നിലകളിലെല്ലാം പ്രിയപ്പെട്ട സിസ്റ്റർ ദൈവകൃപയോട് ചേർന്നുനിന്നു പ്രവർത്തിച്ചു.

ജീവിതത്തെ എന്നും സ്നേഹത്തോടും സന്തോഷത്തോടും നന്മയോടുംകൂടി നോക്കിക്കണ്ടിരുന്ന വ്യക്തിയായിരുന്നു സി. കുസും. കഠിനാദ്ധ്വാനത്തിന്റെയും ആത്മാർത്ഥതയുടെയും ജീവിതമാതൃക കൂടെ ആയിരുന്നവർക്കെല്ലാം പകർന്നുനൽകി. തന്റെ കഴിവും സാമർത്ഥ്യവും സമയവും ഏറെ ഉദാരതയോടെ മറ്റുള്ളവർക്ക് കൊടുത്തുകൊണ്ട് എല്ലാവരെയും കരുതലോടെ ചേർത്തുപിടിച്ചു. സഹോദരങ്ങളിൽ ദൈവത്തെക്കണ്ട് അവരുടെ നന്മ പ്രഘോഷിച്ച് ദൈവിക വഴികളിലൂടെ എന്നും അവരെ നയിച്ചു. തന്റെ ജീവിതത്തിൽ ദൈവം അനുവദിച്ച സഹനങ്ങളും ക്ലേശങ്ങളും രക്ഷാകരമാക്കിത്തീർത്ത്, ആത്മീയവഴികളിലൂടെ മുന്നേറി ദൈവത്തെ മഹത്ത്വപ്പെടുത്തി.

ഭൂമിയിലെ ജീവിതം അവസാനിപ്പിച്ച് നിത്യഭവനത്തിലേക്കു തിരികെപ്പോകാൻ സമയമായെന്ന ബോധ്യംവന്നപ്പോൾ പരിപൂർണ്ണ ഒരുക്കത്തോടെ, അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച്, ദാനമായി ലഭിച്ച ആത്മാവിനെ ദാതാവിന്റെ കരങ്ങളിൽ തിരികെയേല്പിച്ച് തന്റെ 66-ാമത്തെ വയസ്സിൽ 2020 ഓഗസ്റ്റ് ഒന്നിന് സ്വർഗ്ഗീയ സന്നിധിയിൽ ഇടം കണ്ടെത്തി.

തന്റെ അമ്മയായ ഡി.എസ്.റ്റി. യോട് എന്നും വിശ്വസ്തത പുലർത്തി, തികഞ്ഞ ആത്മാർത്ഥതയോടെ അവൾക്കുവേണ്ടി ശുശ്രൂഷ ചെയ്ത് ജീവിതാന്ത്യം വരെ ദൈവത്തിന്റെ കരംപിടിച്ചുനടന്ന തന്റെ വിശ്വസ്ത മണവാട്ടിയെ അവിടുന്ന് നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| | | AUGUST 2020 |
|---|---|---|
| 1 | 10.00 am | പാലാ രൂപതയുടെ കർഷകവർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'നമുക്കും മീൻ വളർത്താം – മത്സ്യഗ്രാമം' പദ്ധതിയുടെ ഉദ്ഘാടനം ബിഷപ് ഹൗസിൽ നിർമ്മിച്ച കുളങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചുകൊണ്ടു നിർവ്വഹിച്ചു. |
| | 10.30 am | അരമനയിൽ വച്ച് നടന്ന കോവിഡ് ടാസ്ക് ഫോഴ്സ് ട്രെയിനിംഗ് ഉദ്ഘാടനം ചെയ്തു. |
| 3-7 | | കെ.സി.ബി.സി. റിട്രീറ്റിൽ സംബന്ധിച്ചു. |
| 3 | 03.00 pm | ഇലപ്പിള്ളി ഇടവകയിൽ പാരിഷ് ഹാളിന്റെ വെഞ്ചെരിപ്പുകർമ്മം നിർവ്വഹിച്ചു. |
| | 07.00 pm | മുട്ടുചിറ വൈദികമന്ദിരത്തിലെ ബഹു. വൈദികരെ സന്ദർശിച്ചു. |
| 6 | 09.15 am | മണ്ണാറപ്പാറ ഇടവകയിൽ ഡീക്കൻ സണ്ണി മൂലക്കരയ്ക്ക് പൗരോഹിത്യപട്ടം നൽകി. |
| | 11.45 am | കുറവിലങ്ങാട് ഇടവകയിൽ അഭിവന്ദ്യ മിറ്റത്തിനാനിയ്ക്കൽ പിതാവിന്റെ സഹോദരന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 7 | 10.00 am | ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് എ.കെ.സി.സി. യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഏകദിനസമരം ഉദ്ഘാടനം ചെയ്തു. |
| 9 | 11.00 am | രൂപതയിലെ വെള്ളപ്പൊക്ക പ്രദേശങ്ങൾ സന്ദർശിച്ചു. |
| | 1.15 pm | ആലപ്പുഴയിലെ വെള്ളപ്പൊക്ക പ്രദേശങ്ങളിലേക്ക് എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ സാധനങ്ങൾ കൊണ്ടുപോകുന്നതിനായുള്ള യാത്ര അരമനയിൽ വച്ച് ഫ്ളാഗ് ഓഫ് ചെയ്തു. |

| | | |
|---|---|---|
| 11 | 10.30 am | ഓൺലൈനായി നടന്ന ദീപികയുടെ അപ്പക്സ് ബോഡി മാറ്റിംഗിൽ സംബന്ധിച്ചു. |
| | 02.00 pm | അരമനയിൽ എ.ഡി.സി.പി. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | മേവിട ഇടവകയിൽ പാറക്കുളങ്ങര ഡോ. ലൂസി മാത്യുവിന്റെ വേർപാടിൽ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 12 | 10.30 am | ഓൺലൈൻ ലിറ്റർജി മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 03.00 pm | ഓൺലൈൻ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 07.15 am | അരമനയിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശീയ പതാക ഉയർത്തൽ ചടങ്ങിൽ സംബന്ധിച്ചു. |
| | 03.30 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 11.00 am | കർഷകദിനത്തോടനുബന്ധിച്ച് പി.എസ്.ഡബ്ല്യു.എസ്.ന്റെ നേതൃത്വത്തിൽ അഗ്രിമ മാർക്കറ്റിൽ വച്ച് കർഷക സംരംഭകരെ ആദരിച്ചു. |
| | 03.30 pm | 19 വർഷം രൂപതാ കേന്ദ്രത്തിൽ സ്തുത്യർഹമായ രീതിയിൽ സേവനമനുഷ്ഠിച്ച ബഹു. സിസ്റ്റർ ക്രിസ്പിനാമ്മയുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 18-21 | | ഓൺലൈൻ വഴി സംഘടിപ്പിച്ച സീറോ മലബാർ സിനഡിൽ സംബന്ധിച്ചു. |
| 20 | 09.00 am | രാമപുരം ഇടവകയിൽ വിൻസെന്റ് ഡി പോളിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ ആശീർവാദ കർമ്മം നിർവ്വഹിച്ചു. |
| 21 | 10.00 am | അരമനയിൽ വച്ച് കർഷക വർഷാചരണ അവലോകനയോഗം ഉദ്ഘാടനം ചെയ്തു. |
| 24 | 03.30 pm | അന്തിനാട് ഇടവകയിൽ ജാംബുവാ രൂപതാംഗമായ ബഹു. ജോസഫ് തയ്യിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിലെ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 24-27 | | രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 26 | 10.00 am | അരുവിത്തുറ ഇടവകയിൽ ബഹു. ജോസഫ് പടന്നമാക്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം നൽകി. |
| 28 | 10.00 am | ചെമ്മലമറ്റം ഇടവകയിൽ ഫരിദാബാദ് രൂപതാംഗമായ ബഹു. ജോർജ് തോമസ് തൂങ്കുഴി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 pm | ഇലഞ്ഞി ഇടവകയിൽ ബഹു. പാറക്കണ്ടത്തിൽ തോമസച്ചന്റെ പിതാവ് മാത്യൂചേട്ടന്റെ വേർപാടിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം നൽകി. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

| | | AUGUST 2020 |
|---|---|---|
| 01 | 10.00 am | അരമനയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച മീൻ കുളത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു. |
| | 11.00 am | അരമനയിൽ കോവിഡനന്തര മരണശുശ്രൂഷകൾ ഏറ്റെടുത്തു നടത്തുന്ന പാലാ സമിരറ്റൻ ഫോഴ്സി നുവേണ്ടിയുള്ള പ്രായോഗിക പഠനശിബിരത്തിൽ സംബന്ധിച്ചു. |
| 02 | 03.00 pm | ഡി.എസ്.റ്റി. പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ബഹു. സി. കുസും ഞരളക്കാട്ട് ഡി.എസ്.റ്റിയുടെ മരണാനന്തരശുശ്രൂഷയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. |
| 03 | 09.00 am | പാലായിൽ ഡി.എം. മെഡിക്കൽ ഡയഗ്നോസ്റ്റിക് സർവ്വീസ് സെന്ററിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി. |
| | 10.00 am | കിഴപറയാർ പള്ളിയിൽ ഹ്രസ്വസന്ദർശനം നടത്തി. |
| | 11.15 am | മുത്തോലി ഇടവകയിൽ വടക്കേമുറിയിൽ മറിയാമ്മ യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.30 pm | മാർ അപ്രേം സെമിനാരിയിൽ വൈദികവിദ്യാർത്ഥി കളെ സന്ദർശിച്ചു. |
| 3-7 | | അരമനയിൽവച്ച് Zoom കോൺഫറൻസിലൂടെ കെ.സി.ബി.സി. റിട്രീറ്റിൽ പങ്കെടുത്തു. |
| 05 | 11.00 am | പൂവരണിപ്പള്ളിയിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| 07 | 10.00 am | പാലാ സെന്റ് തോമസ് കോളേജ് ചാപ്പലിൽ വച്ച് കോളേജിന്റെ സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 10 | 09.00 am | മരങ്ങാട്ടുപിള്ളി ഇടകയിൽ ബഹു. തോമസ് ഓലിക്കലച്ചന്റെ പിതാവ്, ശ്രീ ഫ്രാൻസിസ് തോമസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | ഭരണങ്ങാനം ഇടവകയിൽ മേലമ്പാറ കലയത്തിനാൽ റോസമ്മയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | ഉള്ളനാട് ദൈവാലയത്തിലെ ദൈവാലയശുശ്രൂഷി ബഹു. കുന്നുംപുറം തോമസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 11.00 am | പയ്യാനിത്തോട്ടം ഇടവകയിൽ പുതുക്കിപ്പണിത എഫ്.സി.സി. മഠം ചാപ്പലിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി വി. കുർബാനയർപ്പിച്ചു. |
| | 04.00 pm | മേവിട ഇടവകയിൽ പാറക്കുളങ്ങര ഡോ. ലൂസി മാത്യുവിന്റെ വേർപാടിൽ ദൈവാലയത്തിലെ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | മണിയംകുന്ന്, മലയിഞ്ചിപ്പാറ, ചോലത്തടം, കാവാലി, കൂട്ടിക്കൽ, വേലനിലം എന്നീ ഇടവകകളിൽ ഹ്രസ്വസന്ദർശനം നടത്തി. |
| 14 | 11.00 am | കുറുമണ്ണ് ഇടവകയിൽ കിഴക്കേക്കര തട്ടാൻപറമ്പിൽ ജോസ് ഈപ്പന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവലായത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 04.00 pm | ചങ്ങനാശ്ശേരി അരമനയിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന് ജന്മദിനാശംസകൾ നൽകി. |
| 15 | 07.15 am | അരമനയിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശീയ പതാക ഉയർത്തൽ ചടങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 09.00 am | അരമനയിൽ പാക്കിസ്ഥാനി പെൺകുട്ടി കുമാരി മരിയ ഷഹബാസിനു നീതി ലഭിക്കണമെന്നാവശ്യപ്പെട്ട് എസ്.എം.വൈ.എന്റെ നേതൃത്വത്തിൽ നടത്തിയ Justice for $M^3$ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. |
| 16 | 10:00 am | നീലൂർ ഇടവകയിൽ കറിക്കല്ലിൽ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 17 | 10.00 am | വയല ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | അന്തീനാട് ഇടവകയിൽ കല്ലറയ്ക്കൽ കെ.ഡി. ആൻസലത്തിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | അരമനയിൽ സി. ക്രിസ്പിൻ എഫ്.സി.സി. യുടെ യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 04.00 pm | പൈക ഇടവകയിൽ വിൻസെന്റ് – ഡിപോൾ സംഘടനയുടെ നേതൃത്വത്തിൽ പണികഴിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| 18-22 | | അരമനയിൽ Zoom കോൺഫറൻസിലൂടെ സീറോ മലബാർ സിനഡിൽ സംബന്ധിച്ചു. |
| 20 | 12.15 pm | ചെമ്പിളാവ് പള്ളിയിൽ ഹ്രസ്വസന്ദർശനം നടത്തി. |
| 21 | 11.00 am | ചക്കാമ്പുഴ ഇടവകയിൽ പുതുവേലിൽ മാണിച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 12 noon | പുതുതായി പണിതുകൊണ്ടിരിക്കുന്ന ചിറ്റാർ ദൈവാലയം സന്ദർശിച്ചു. |
| 22 | 10.00 am | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോം സന്ദർശിച്ചു. |
| | 11.00 am | പാളയം പള്ളിയിൽ വിവാഹം ആശീർവദിച്ച. |
| | 12.30 pm | ചക്കാമ്പുഴ ഇടവകയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.30 pm | മുണ്ടാങ്കൽപള്ളിയിൽ വിൻസെന്റ് ഡി പോൾ സംഘനയുടെ നേതൃത്വത്തിൽ പണികഴിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |

| | | |
|---|---|---|
| 23 | 11.00 am | പാലയ്ക്കാട്ടുമല ഇടവക കളപ്പുരയ്ക്കൽ ഏലിക്കുട്ടുയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12 noon | അന്തീനാട് ഇടവകയിൽ ജാംബുവ രൂപത മിഷനറി വെദികനായ ബഹു. ജോസഫ് തയ്യിലച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 24-27 | | അരമനയിൽ സൂം കോൺഫറൻസിലൂടെ രൂപതാ വൈദികരുടെ ധ്യാനത്തിൽ പങ്കെടുത്തു. |
| 24 | 12 noon | പാലാ കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 26 | 09.00 am | അരുവിത്തുറ ഫൊറോനപള്ളിയിൽ ബഹു. ജോസഫ് പടനമാക്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 28 | 10.00 am | ചെമ്മലമറ്റം ഇടവകയിൽ ഫരീദാബാദ് രൂപതാംഗമായ ബഹു. ജോർജ് തോമസ് തൂങ്കുഴിയച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 02.00 pm | കോട്ടയം ലൂർദ്ദ് ഫൊറോനാപള്ളിയിൽ കരിമറ്റം അന്നമ്മ ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.15 pm | മാങ്ങാനത്ത് ട്രാഡാ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | ഇലഞ്ഞി ഫൊറോനാ പള്ളിയിൽ ബഹു. തോമസ് പാറേക്കണ്ടത്തിലച്ചന്റെ പിതാവ് ശ്രീ. പി.കെ. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 29 | 12 noon | ചക്കാമ്പുഴ ഇടവകയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |

Break the chain



കോവിഡ് ടാസ്ക്  ഫോഴ്സിന്റെ ട്രെയിനിംഗ്  പ്രോഗ്രാം




സാമ്പത്തിക സംവരണം, ന്യൂനപക്ഷ ആനുകൂല്യങ്ങൾ തുടങ്ങിയവ അട്ടിമറിക്കുന്നതിനെതിരേ
കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച
ഏകദിന ഉപവാസസമരം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു



കർഷകവർഷാചരണ അവലോകനയോഗം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു

2020
SEPTEMBER

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



പാലാ രൂപതയുടെ കർഷകവർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'നമുക്കും മീൻ വളർത്താം – മത്സ്യഗ്രാമം' പദ്ധതിയുടെ ഉദ്ഘാടനം ബിഷപ്സ് ഹൗസിൽ നിർമ്മിച്ച കുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകൊണ്ട് അഭിവന്ദ്യ പിതാക്കന്മാർ നിർവഹിക്കുന്നു.



കർഷകദിനത്തോടനുബന്ധിച്ച് പി. എസ്. ഡബ്ല്യു. എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കർഷകസംരംഭകരെ അനുമോദിക്കുന്നു.



വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി എസ്. എം. വൈ. എമ്മിന്റെ നേതൃത്വത്തിൽ ശേഖരിച്ച സാധനങ്ങൾ ആലപ്പുഴ ചെല്ലാനം പ്രദേശത്തേക്ക് എത്തിക്കുന്നതിനുള്ള യാത്ര അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.

Printed at St. Thomas Press, Palai and Published by Fr. John Edettu